بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 35

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 സെപ്റ്റംബർ 01/ഹി.ശം. 1401 തബൂക് 01/ഹിജ്റ 1444 സ്വഫർ 04

## അല്ലാഹുവിന്റെ വചനം

وَهُوَ الْقَاهِرُ فَوْقَ عِبَادِهٖ وَيُرْسِلُ عَلَيْكُمْ حَفَظَةً ۚ حَتّٰٓى اِذَا جَآءَ اَحَدَكُمُ الْمَوْتُ تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُوْنَ ○

(الانعام:62)

'അവൻ തന്റെ ദാസന്മാരുടെമേൽ പരമാധികാരിയാകുന്നു. അവൻ നിങ്ങളുടെമേൽ പാറാവുകാരെ അയക്കുന്നുണ്ട്. അങ്ങനെ നിങ്ങളിലൊരാൾക്ക് മരണം വന്നെത്തിയാൽ നമ്മുടെ ദൂതന്മാർ(മലക്കുകൾ) അവന്റെ ജീവനെ പിടിക്കുന്നതാണ്. അവർ(കല്പന നടപ്പാക്കുന്നതിൽ) വീഴ്ച വരുത്തുകയില്ല.' (6:62)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### പലിശതിന്നുന്നവനുള്ള ശിക്ഷ

(2085) ഹദ്റത്ത് സമുറ ബിൻ ജുൻദുബിൽനിന്ന് നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: 'ഇന്നു രാത്രി ഞാൻ രണ്ടു വ്യക്തികളെ സ്വപ്നത്തിൽ കണ്ടു. അവർ എന്റെയടുത്തുവന്നു. എന്റെ കൈപിടിച്ച് പരിശുദ്ധ ഭൂമിയിലേക്ക് കൊണ്ടുപോയി. ഞങ്ങൾ നടന്നുകൊണ്ടിരുന്നു. അങ്ങനെ ഒരു രക്തപ്പുഴവരെ എത്തി. അതിന്റെ കരയിൽ ഒരാൾ നില്പുണ്ടായിരുന്നു. അയാളുടെ മുമ്പിൽ കല്ലു വെച്ചിട്ടുണ്ടായിരുന്നു,നദിയുടെ ഒത്ത നടുവിൽ മറ്റൊരാളുമുണ്ടായിരുന്നു. അപ്പോൾ നദിയിൽ നിന്നിരുന്നയാൾ മുന്നോട്ടു നീങ്ങുകയും പോകാനുദ്ദേശിക്കുകയും ചെയ്യുമ്പോൾ മറ്റേയാൾ(തീരത്തു നിന്നിരുന്നയാൾ)അവന്റെ മുഖത്ത് കല്ലെറിഞ്ഞു. അവൻ നിന്ന സ്ഥലത്തേക്ക് തിരിച്ചയക്കുകയും ചെയ്തു. ഇപ്രകാരം അവൻ വെളിയിൽ ഇറങ്ങാൻ നീങ്ങുമ്പോഴെല്ലാം അവന്റെ മുഖത്ത് കല്ലെറിയുമായിരുന്നു. അതുകൊണ്ട് അയാൾ ആദ്യത്തെപോലെ മടങ്ങിപ്പോകും. ഇതെന്താണ് സംഭവമെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു:ആരെയാണോ താങ്കൾ നദിയിൽ കണ്ടത് അവൻ പലിശതിന്നുന്നവനാണ്.

### ഹദ്റത്ത് അനസിന് ചുരയ്ക്കയോടുള്ള സ്നേഹം

(2092) ഹദ്റത്ത് അനസ് ബിൻ മാലിക്[റ] നിവേദനം. നബി[സ]തിരുമേനിയെ ഒരു തയ്യൽക്കാരൻ, അയാളുണ്ടാക്കിയ ഭക്ഷണത്തിനു ക്ഷണിച്ചു. ഹദ്റത്ത് അനസ്(റ) പറയുന്നു: ആ ഭക്ഷണത്തിന് ഞാനും പോയിരുന്നു. അയാൾ റൊട്ടിയും ചുരയ്ക്കയും ഉണക്കമാംസവും ചേർത്തുണ്ടാക്കിയ കറിയും കൊണ്ടുവന്നു വെച്ചു. പിഞ്ഞാണത്തിന്റെ ഭാഗങ്ങളിൽനിന്ന് നബി[സ] ചുരയ്ക്ക പെറുക്കിയെടുത്ത് തിന്നുകൊണ്ടിരുന്നു. അനസ് പറയുന്നു: അന്നുമുതൽ ഞാൻ ചുരയ്ക്ക ഇഷ്ടപ്പെടാൻ തുടങ്ങി.

**അബ്ദാൽ എന്നു പറയുന്നവർ തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉാക്കുന്നവരാണ്. ആ മാറ്റം കാരണത്താൽ അവരുടെ ഖൽബ് പാപത്തിന്റെ ഇരുട്ടിൽനിന്നും തുരുമ്പിൽനിന്നും ശുദ്ധിമായിത്തീരുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

നോക്കുക, എത്രത്തോളം മനുഷ്യൻ മാറ്റമുണ്ടാക്കിക്കൊണ്ടുപോകുന്നുവോ അത്രത്തോളം അവൻ അബ്ദാലിന്റെ സംഘത്തിൽ പ്രവേശിച്ചുകൊണ്ടുപോകുന്നു. അബ്ദാലിന്റെ സംഘത്തിൽ പ്രവേശിക്കാത്തിടത്തോളം ഖുർആനികമായ യാഥാർത്ഥ്യങ്ങൾ തുറക്കപ്പെടുകയില്ല. അബ്ദാലിന്റെ അർഥം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് തെറ്റുപറ്റിയിരിക്കുന്നു. സ്വന്തമായ നിലയിൽ എന്തൊക്കെയോ മനസ്സിലാക്കിവെച്ചിരിക്കുന്നു. യാഥാർഥ്യമെന്താണെന്നാൽ അബ്ദാൽ എന്നു പറയുന്നവർ തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നവരാണ്. ആ മാറ്റം കാരണത്താൽ അവരുടെ ഖൽബ് പാപത്തിന്റെ ഇരുട്ടിൽനിന്നും തുരുമ്പിൽനിന്നും ശുദ്ധിമായിത്തീരുന്നു. ശയ്ത്വാനിന്റെ ഭരണം നശിച്ച് അല്ലാഹുവിന്റെ അർശ് അവരുടെ മനസ്സിലുണ്ടാകുന്നു. പിന്നീട് അവർ റൂഹുൽഖുദുസ് അഥവാ പരിശുദ്ധാത്മാവു കൊണ്ട് ശക്തി പ്രാപിക്കുകയും അല്ലാഹുവിൽനിന്ന് അനുഗ്രഹം അനുഭവിക്കുകയും ചെയ്യുന്നു. നിങ്ങളിലാരാണോ നിങ്ങളുടെ ഉള്ളിൽ മാറ്റമുണ്ടാക്കുന്നത് അയാൾ അബ്ദാലാണെന്ന് നിങ്ങൾക്കു ഞാൻ സുവാർത്ത നല്കുകയാണ്. മനുഷ്യൻ അല്ലാഹുവിലേക്ക് ചുവടു ഉയർത്തിയാൽ അല്ലാഹുവിന്റെ അനുഗ്രഹം ഓടിവന്ന് അവനെ സഹായിക്കുന്നു. ഇതു സത്യമായ കാര്യമാണ്. ഞാൻ നിങ്ങളോടു പറയുന്നു, തന്ത്രങ്ങളിലൂടെ ഖുർആനിക ജ്ഞാനങ്ങൾ വരികയില്ല. ബുദ്ധിപരമായ ശക്തിയും മാനസികമായ അഭിവൃദ്ധിയും ഖുർആനികമായ ജ്ഞാനങ്ങളെ ആകർഷിച്ചെടുക്കുന്നതിന് തനിച്ച് നിമിത്തമാകുകയില്ല. യഥാർഥമായ മാർഗം തഖ്‌വാ അഥവാ ഭക്തിതന്നെയാണ്. മുത്തഖിയുടെ ഉസ്താദ് അല്ലാഹുവാകുന്നു. ഇക്കാരണത്താലാണ് നബിമാരുടെമേൽ നിരക്ഷരത(ഉമ്മിയ്യത്ത്) അതിജയിച്ചിരിക്കുന്നത്. നമ്മുടെ നബി[സ]തിരുമേനിയെ അതുകൊണ്ടാണ് ഉമ്മിയായി(നിരക്ഷരൻ) അയച്ചത്; അദ്ദേഹം ഒരു മദ്റസയിലും പഠിക്കാതിരുന്നിട്ടും ആരേയും ഉസ്താദാക്കാതിരുന്നിട്ടും! പിന്നീട് അവിടന്ന് ഭൗതിക വിജ്ഞാനങ്ങളുടെ വിദഗ്ദ്ധരെ ഞെട്ടിക്കുന്നതും അത്ഭുതപ്പെടുത്തുന്നതുമായ വിജ്ഞാനങ്ങളും യാഥാർഥ്യങ്ങളും വിവരിക്കുകയുണ്ടായി. വിശുദ്ധഖുർആനിനെപോലെ പരിശുദ്ധവും പരിപൂർണവുമായ ഗ്രന്ഥം അവിടത്തെ ചുണ്ടുകളിൽ പ്രവഹിച്ചു. അതിന്റെ സാഹതീയ സൗന്ദര്യവും അർഥഗാംഭീര്യവും മുഴുവൻ അറബികളേയും നിരുദ്ധകണ്ഠരാക്കി. നബി[സ]തിരുമേനി ജ്ഞാനങ്ങളിൽ എല്ലാവരെക്കാളും ഉയർന്നയാളാകാനുള്ള കാര്യമെന്തായിരുന്നു? അത് തഖ്‌വാ തന്നെയായിരുന്നു. നബി[സ]തിരുമേനിയുടെ പവിത്രമായ ജീവിതത്തിന് ഇതിനെക്കാളുപരി മറ്റെന്തു തെളിവാണുണ്ടാകാനുള്ളത്. അതായത് വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം കൊണ്ടുവന്നു. അതിലെ ജ്ഞാനങ്ങൾ ജനങ്ങളെ അത്ഭുതപ്പെടുത്തി.

അവിടന്ന് ഉമ്മിയാണെന്നുള്ളത് ഒരു മാതൃകയും തെളിവുമാണ്. ഖുർആനിക ജ്ഞാനം അല്ലെങ്കിൽ ദൈവികമായ ജ്ഞാനങ്ങൾക്ക് തഖ്‌വയാണ് ആവശ്യമുള്ളത്; ഭൗതികമായ തന്ത്രങ്ങളല്ല. *(മൽഫൂദാത്ത് വാല്യം 1, പേജ് 386, പ്രസാധകർ ഖാദിയാൻ 2018)*

**വിശുദ്ധ ഖുർആൻ മുഴുവൻ ലോകംവരേയും എത്തിക്കേണ്ടത് നിർബന്ധമാണ്. കാരണം അതിന്റെ ഇറക്കം മുഴുലോകത്തിനുംവേണ്ടിയാണ്. ഇതു മുഴുവൻലോകത്തിന്റേയും സ്വത്താണ്. അതുകൊണ്ട് അവരിലെല്ലാവരിലും ഇതു എത്തിക്കുക എന്നത് അങ്ങേയറ്റം സുപ്രധാനമായ നിർബന്ധ കടമയാണ്. അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കുകയും ഇസ്‌ലാമിക പ്രബോധനത്തിന്റെ നിർബന്ധ കടമ നിറവേറ്റുന്നതിൽ മടി കാണിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇന്ന് ലോകത്ത് ഇസ്‌ലാമല്ലാതെ മറ്റൊരു മതവും കാണാൻ കഴിയുമായിരുന്നില്ല. ഒരു ക്രിസ്ത്യാനിയുടെ വാക്യമുണ്ട്. വിശുദ്ധ ഖുർആനിന്റെ ഗുണമെന്ന് പറയുന്നത് അത് ഏതു മജ്‌ലിസിലും പാരായണം ചെയ്യാൻ കഴിയുമെന്നതാണ്. എന്നാൽ, നമ്മുടെ ഗ്രന്ഥം എങ്ങനെയുള്ളതാണെന്നാൽ എല്ലാ സദസ്സിലും അത് വായിക്കാൻ കഴിയുകയില്ല.**

സൂറത്തുന്നഹ്‌ലിന്റെ 45-ാം വചനമായ, ***ബിൽബയ്യിനാത്തി വസ്സുബുരിൻ വ അൻസൽനാ ഇലയ്ക്കദ്ദിക്റ ലിതുബയ്യിനലിന്നാസി മാ നുസ്സില ഇലയ്ഹിം വ ലഅല്ലഹും യത്തഫക്കറൂൻ*** (സ്പഷ്ടമായ ദൃഷ്ടാന്തങ്ങളും ഏടുകളുമായി(നാം അവരെ അയച്ചു). ഈ (പരിപൂർണ)ഉദ്ബോധനം നിനക്കു നാം അവതരിപ്പിച്ചു തന്നിരിക്കുന്നു; അവർക്കായി ഇറക്കപ്പെട്ട സന്ദേശം നീ അവർക്കു വിവരിച്ചുകൊടുക്കുന്നതിനും അവർ ചിന്തിക്കുന്നതിനുംവേണ്ടി) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

**ലിതുബയ്യിനലിന്നാസി മാ നുസ്സില ഇലയ്ഹിം ലിതുബയ്യിന**യുടെ 'ലാമ്' 'ലാമ് തഅ്ലീലും' 'ലാമ് ആഖിബത്തും' ആകാവുന്നതാണ്. 'ലാമ് തഅ്ലീൽ' ആകുമ്പോൾ അതിന്റെ അർഥം നാം നിന്നിൽ മറ്റു ഗ്രന്ഥങ്ങളെക്കാൾ ഉന്നതഗുണങ്ങളുള്ള ഗ്രന്ഥം ഇറക്കി എന്നാണ്. നീ മുഴുലോകത്തിനും അവർക്കുവേണ്ടി ഇറക്കപ്പെട്ട അധ്യാപനം കേൾപ്പിക്കുന്നതിനുവേണ്ടി. അതായത് നിന്നിൽ ഇറക്കപ്പെട്ട അധ്യാപനം ഏറ്റവും ഉന്നതമാകുക എന്നതിനുള്ള കാരണം അല്ലാഹു അതിനെ ഏതെങ്കിലും ഒരു ജനതയ്ക്കുവേണ്ടി അല്ലെങ്കിൽ ഒരു കാലത്തുള്ള ജനങ്ങൾക്കുവേണ്ടി ഇറക്കിയതല്ല. പ്ര

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**രാഷ്ട്രത്തലവന്റെ വ്യക്തിപരമായ സവിശേഷ ഗുണങ്ങളും ഉന്നതമായ പങ്കും ആകർഷിക്കാത്തിടത്തോളം ഏതെങ്കിലും സൈന്യത്തിന്റെ ഏറ്റവും വലിയ സൈന്യാധിപനുപോലും ദൃഢഗാഢതയുടേയും സമാധാനത്തിന്റേയും കൂറിന്റേയും ആത്മാർഥതയുടേയും പ്രകടനം കാഴ്ചവെക്കാൻ കഴിയുകയില്ല**

**നബി[സ] തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്[റ]ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ജൽസസാലാനയിൽ പങ്കെടുക്കുന്നവർക്കുവേണ്ടിയും അവരെ സേവിക്കുന്നവർക്കുവേണ്ടിയും ദുആയ്ക്കുള്ള ആഹ്വാനം**

**ഖുത്ബ ജുമുഅ 2022 ജൂലായ് 29/1401 വഫാ 29,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ]ന്റെ കാലഘട്ടത്തിലെ യുദ്ധനടപടികളുടെ സ്മരണയാണ് നടന്നുവന്നിരുന്നത്. യുദ്ധങ്ങളുടെ അവശേഷിക്കുന്ന ഭാഗം ഇന്നു ഞാൻ പറയുന്നതായിരിക്കും. അത് ഹദ്റത്ത് ഖലിദ് ബിൻ വലീദിന്റെ[റ] നേതൃത്വത്തിൽ നടന്ന പോരാട്ടമായിരുന്നു. യുദ്ധങ്ങളെ കുറിച്ചുള്ള ഈ വിഷയം ഇന്ന് അവസാനിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് ഖുത്ബ അല്പം ദീർഘിച്ചേക്കാം.

ഹീറഹ് യുദ്ധത്തിന് ഹിജ്റ 12 റബീ ഉൽഅവ്വൽ മാസത്തിന്റെ തുടക്കത്തിൽ ഹദ്റത്ത് ഖാലിദ്[റ] അംഗീശിയായിൽനിന്ന് ഹീറഹിലേക്ക് യാത്ര പുറപ്പെട്ടു. *(സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ, ഉസ്താദ് ഉമർ അബുന്നസ്ർ, പേജ് 672, മുത്തർറജിം ഉർദു മുശ്ത്താഖ് ബുക് കോർണർ, ഉർദു ബസാർ ലാഹോർ 2020)*

അതിനെകുറിച്ച് പറയുന്നതിങ്ങനെയാണ്. ഹദ്റത്ത് ഖാലിദ് അംഗീശിയായിൽ നിന്ന് യൂഫ്രട്ടീസ് നദിയുടെ അടുത്തുള്ള ഹീറഹിലേക്ക് യാത്ര പുറപ്പെട്ടു. ഹീറഹ് ക്രിസ്ത്യാനികളായ അറബികളുടെ പുരാതന കേന്ദ്രമായിരുന്നു. ആ നേരത്ത് ഹീറഹിന്റെ ഭരണാധികാരി ഒരു ഇറാൻകാരനായിരുന്നു. ഇപ്പോൾ ഖാലിദിന്റെ സൈന്യങ്ങളുടെ മുൻഭാഗം അതിലേക്കായിരിക്കും. അതുകൊണ്ട് അയാൾ ഖാലിദുമായുള്ള യുദ്ധത്തിന് തയ്യാറെടുപ്പുകൾ തുടങ്ങി. ഖാലിദ് ഇവിടെ വരുന്നതിന് നദിയുടെ വഴി സ്വീകരിക്കുമെന്ന് അയാൾ അനുമാനിക്കുകയും ചെയ്തു. വഞ്ചികളിൽ യാത്ര ചെയ്തായിരിക്കും എത്തുകയെന്നും അയാൾ കരുതി. അയാൾ തന്റെ മകന് യുഫ്രട്ടീസ് നദിയുടെ വെള്ളം തടഞ്ഞു നിറുത്താൻ കല്പന നല്കി. ഖാലിദിന്റെ വഞ്ചികൾ ചെളിയിൽ പൂണ്ടു പോകുന്നതിനായിരുന്നു അങ്ങനെ ചെയ്തത്. അയാൾ തന്നെയും മകന്റെ പിന്നാലെ പോയി. ഹീറഹിന് പുറത്ത് തന്റെ സൈന്യത്തെ നിലയുറപ്പിച്ചു. ഹദ്റത്ത് ഖാലിദ് അംഗീശിയായിൽനിന്ന് പുറപ്പെട്ടു. സാധന സാമഗ്രികളും ഗനീമത്തു മുതലുകളോടുമൊപ്പം സൈന്യത്തേയും വഞ്ചികളിൽ യാത്രയാക്കി. അപ്പോൾ വെള്ളം കുറഞ്ഞ കാരണത്താൽ വഞ്ചികൾ മണ്ണിൽ ഉറയ്ക്കാൻ തുടങ്ങി. ഇതുകാരണത്താൽ ഹദ്റത്ത് ഖാലിദിന് വലിയ ബുദ്ധിമുട്ടുണ്ടായി. പേർഷ്യക്കാർ വെള്ളം ഈ ഭാഗത്തേക്ക് വരുന്നതു തടഞ്ഞുകൊണ്ട് നദികൾ തുറന്നുവിട്ടിരിക്കുകയാണെന്ന് തോണിക്കാർ പറഞ്ഞു. വെള്ളം മുഴുൻ മറ്റുവഴികളിയൂടെയാണ് ഒഴുകുന്നത്. നദികൾ തുറന്നുവിടാത്തിടത്തോളം നമ്മുടെ ഭാഗത്ത് വെള്ളം വരുകയില്ല. ഇതുകേട്ടുടനെ ഹദ്റത്ത് ഖാലിദ് സവാരിക്കാരുടെ ഒരു സൈന്യവ്യൂഹവുമായി ഭരണാധികാരിയുടെ മകന്റെ അടുത്തേക്ക് മുന്നേറി. വഴിയിൽ അത്തീഖ് നദിയുടെ തീരത്ത് സൈന്യത്തിന്റെ ഒരു ഭാഗവുമായി ഹദ്റത്ത് ഖാലിദിന്റെ പോരാട്ടമുണ്ടായി. ഹദ്റത്ത് ഖാലിദ് അവർ അശ്രദ്ധരായിരുന്ന ഘട്ടത്തിൽ അവരുടെമേൽ മിന്നൽ ആക്രമണമാണ് നടത്തിയത്. ഹദ്റത്ത് ഖാലിദ് അവരെല്ലാവരേയും വധിച്ചു. പിന്നീട് മുന്നോട്ടു നീങ്ങി. അവിടെ ഹീറഹ് ഭരണാധികാരിയുടെ മകൻ നദിയുടെ ദിശ തിരിച്ചുവിടുന്നതിന്റെ ജോലിക്ക് നേതൃത്വം കൊടുക്കുന്നതാണ് ഖാലിദ് കണ്ടത്. അദ്ദേഹം മിന്നിൽ ആക്രമണം നടത്തി അയാളേയും അയാളുടെ സൈന്യത്തേയും വധിച്ചു. അണക്കെട്ട് തകർത്ത് നദിയിൽ വീണ്ടും വെള്ളമൊഴുക്കി. പിന്നീട് താൻ തന്നെ അവിടെനിന്ന് ആ ജോലിക്ക് മേൽനോട്ടം വഹിച്ചു. അവസാനം വഞ്ചികൾ വീണ്ടും യാത്ര തുടർന്നു.

അതിനുശേഷം ഹദ്റത്ത് ഖാലിദ് തന്റെ എല്ലാ നേതാക്കന്മാരേയും ഒരു മിച്ചുകൂട്ടുകയും ഖൂർനിഖ് എന്ന സ്ഥലത്തെത്തുകയും ചെയ്തു. ഖൂർനിഖ്, ഹീറഹിനടുത്തുള്ള ഒരു കോട്ടയാണ്. എന്നാൽ, അർദശീറും തന്റെ മകനും യുദ്ധത്തിൽ വധിക്കപ്പെട്ടുകഴിഞ്ഞുവെന്ന് ഭരണാധികാരി അറിഞ്ഞപ്പോൾ അയാൾ യുദ്ധം ചെയ്യാതെ യൂഫ്രട്ടീസ് നദി മറികടന്ന് ഓടിപ്പോയി. പക്ഷേ, ഭരണാധികാരി ഓടിപ്പോയിട്ടും ഹീറഹുകാർ ധൈര്യം കൈവെടിഞ്ഞില്ല. അവർ കോട്ടയിൽ അഭയം പ്രാപിച്ചു. നാലു കോട്ടകളിലും തടഞ്ഞുനിറുത്തപ്പെട്ട അവർ യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി.

എഴുതിയിരിക്കുന്നു: ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ] കോട്ടകളെ താഴെ പറയുന്ന രീതിയിൽ വളഞ്ഞു. അബ്‌യള് കോട്ട വളയാൻ ളറാർ ബിൻ അസ്‌വർ നിയമിതനായി. അതിലാണ് ഇയാസ് ബിൻ ഖുബീസ്വത്വാഇ അഭയം പ്രാപിച്ചിരുന്നത്. ളറാർ ബിൻ ഖത്ത്വാബ്, അദസയ്യീൻ കോട്ട വളയാൻ നിശ്ചയിക്കപ്പെട്ടു. അതിലാണ് അദിയ്യി ബിൻ അദിയ്യ് അഭയം തേടിയിരുന്നത്. ബനീ മാസൻ കോട്ട വളയാൻ ളറാർ ബിൻ മുഖർരിൻ നിശ്ചയിക്കപ്പെട്ടു. അതിലാണ് ഇബ്നു ഉക്കാൽ അഭയം പ്രാപിച്ചിരുന്നത്. ഇബ്നു ബുഖയ്‌ല കോട്ട വളയാൻ നിയമിതനായത് മുഥന്നാ ബിൻ ഹാരിഥയായിരുന്നു. ഇതിലാണ് അംറ് ബിൻ അബ്ദുൽമസീഹ് അഭയം പ്രാപിച്ചിരുന്നത്.

ഹദ്റത്ത് ഖാലിദ്[റ] അമീറുമാരുടേ പേരിൽ, ആദ്യം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ കൽപന പുറപ്പെടുവിച്ചു. അവർ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ അത് സ്വീകരിക്കുക. നിഷേധിക്കുകയാണെങ്കിൽ അവർക്ക് ഒരുദിവസം അവധി നല്കുക. ശത്രുക്കൾക്ക് അവസരം നല്കരുതെന്നും പ്രത്യുത അവരെ വധിച്ചു കളയണമെന്നും കല്പന കൊടുത്തു. ശത്രുക്കളെ വധിക്കുന്നതിൽനിന്ന് മുസ്‌ലിമീങ്ങളെ തടയരുത്.

ശത്രുക്കൾ എതിരിടുന്ന മാർഗമാണ് സ്വീകരിച്ചത്. മുസ്‌ലിമീങ്ങളുടെമേൽ കല്ലെറിയാൻ തുടങ്ങി. മുസ്‌ലിമീങ്ങൾ അവരുടെമേൽ അമ്പ് വർഷം നടത്തി. അവരുടെ മേൽ ചാടി വീണു. കൊട്ടാരങ്ങളും കോട്ടകളും പിടിച്ചടക്കി. അവിടെ പാതിരിമാരുണ്ടായിരുന്നു. ആ പാതിരിമാർ ബഹളം വെച്ചു: മഹല്ല് വാസികളേ! നിങ്ങളല്ലാതെ മറ്റാരും ഞങ്ങളെ കൊല്ലാൻ ഇടവരുരുത്. അവരെ പ്രകോപിക്കാൻ ശ്രമിച്ചു. മഹല്ലുവാസികൾ വിളിച്ചു പറഞ്ഞു: അല്ലയോ അറബികളേ! ഞങ്ങൾ നിങ്ങളുടെ മൂന്നു നിബന്ധനകളിൽ ഒരെണ്ണം സ്വീകരിച്ചിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അടങ്ങിയിരിക്കുക. അറബ് മുസ്‌ലിമീങ്ങൾ വിജയിക്കുന്നതായി അവർ കണ്ടപ്പോൾ അവർ നിബന്ധനകളുടെ അടിസ്ഥാനത്തിൽ കോട്ടവാതിലുകൾ തുറക്കാമെന്ന വിചാരം പ്രകടിപ്പിച്ചു. ആ കോട്ടകളുടെ സർദാറുമാർ വെളിയിൽ വന്നു. പിന്നീട് ഹദ്റത്ത് ഖാലിദ് ആ കൊട്ടാരവസികളോടു പ്രത്യേകം പ്രത്യേകം കൂടിക്കാഴ്ച നടത്തി. അവരുടെ ആ കർമത്തെ അപലപിക്കുകയും ചെയ്തു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ മുത്തർറജിം ഉർദു പേജ് 410, ഫുർഖാൻ ട്രസ്റ്റ് മുള്ഫർഗഢ്)(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം പേജ് 315, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ) (താരീഖ് അത്ത്വബരി വാള്യം 2, പേജ് 315, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 459)*

അപലപിച്ചുകൊണ്ടു പറഞ്ഞു:'നിങ്ങളുടെമേൽ അഹോ കഷ്ടം! നിങ്ങൾ നിങ്ങളെ എന്തു മനസ്സിലാക്കിക്കൊണ്ടാണ് ഞങ്ങളുമായി ഏറ്റുമുട്ടിയത്? നിങ്ങൾ അറബികളാണെങ്കിൽ എന്തു കാരണം കൊണ്ടാണ് നിങ്ങളുടെതന്നെ സഹജനതയായ ആളുകളെ നേരിടാൻ പ്രേരിതരായത്. നിങ്ങളിനി അറബികളല്ലാത്തവരാണെങ്കിൽ നീതിയിലും ന്യായത്തിലും അതുല്യരായ ജനതയെ അതിജയിക്കുമെന്ന് നിങ്ങളെങ്ങനെയാണ് കരുതിയത്? സർദാറുമാർ ജിസ്‌യ നല്കാമെന്ന് സമ്മതിച്ചു. സഹജനതയായ കാരണത്താൽ ഈ ഇറാഖികളായ അറബികൾ തീർച്ചയായും ഇസ്‌ലാം സ്വീകരിക്കുമെന്ന് ഹദ്റത്ത് ഖാലിദ്(റ) പ്രതീക്ഷിച്ചിരുന്നു. പക്ഷേ, അവർ പാരമ്പര്യമായി ക്രിസ്ത്യാനികളായി ഇരിക്കുന്നതാണെന്ന് നിർബന്ധം പിടിച്ചപ്പോൾ അദ്ദേഹം വളരെ അത്ഭുതപ്പെട്ടുപോയി!എന്തായാലും ഹദ്റത്ത് ഖാലിദ്(റ) ഹീറഹുകാരുടേയും മുസ്‌ലിമീങ്ങളുടേയും ഇടയിൽ ഉടമ്പടി എഴുതി. അതിതായിരുന്നു:

ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഖാലിദ് ബിൻ വലീദ്(റ), അദിയ്യ് ബിൻ അദിയ്യ്, അംറ് ബിൻ അദിയ്യ്, അംറ് ബിൻ അബ്ദുൽമസീഹ്, ഇയാസ് ബിൻ ഖബീസ്വ, ഹീരീ ബിൻ ഉക്കാൽ എന്നിവരുമായി ഖാലിദ് ചെയ്ത ഉടമ്പടി. ഇവർ ഹീറഹ്കാരുടെ നേതാക്കന്മാരാണ്. ഹീറഹ്കാർ ഈ ഉടമ്പടിയിൽ തൃപ്തരാണ്. അദ്ദേഹം ഇത് അവരോടു കല്പിച്ചു. അവരിൽനിന്ന് ഒരു ലക്ഷത്തി തൊണ്ണൂറായിരം ദിർഹം അവരുടെ സംരക്ഷണത്തിനുപകരമായി ഓരോ വർഷവും വസൂലാക്കുന്നതായിരിക്കും.

അതായത് തദ്ദേശവാസികളുടെ സംരക്ഷണത്തിനുവേണ്ടി ഈ ജിസ്‌യ ചുമത്തി. ഭൗതികമായ ഏതൊരു ധനവും സ്വത്തുമാണോ അവരുടെ കൈയിലുള്ളത് അവർ റാഹിബാകട്ടെ, പാതിരിയാവട്ടെ, പക്ഷേ, ആരുടെ കൈയിലാണോ ഒന്നുമില്ലാത്തത്, ലോകത്ത്നിന്ന് വേറിട്ട നില്ക്കുന്നത്, അതു ഉപേക്ഷിച്ചു കഴിഞ്ഞിട്ടുള്ളവർ ഈ ഉടമ്പടി അവരെ സംരക്ഷിക്കുമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ്. അവർക്കിനി അവരുടെ സംരക്ഷണം നിറവേറ്റാൻ കഴിയാതെ വന്നാൽ അവരുടെമേൽ ഒരു ജിസ്‌യയും ഉണ്ടായിരിക്കുന്നതല്ല; ആ ഭരണാധികാരി അവരുടെ സംരക്ഷണത്തിനുള്ള ഏർപാടു ചെയ്യുന്നതുവരെ. അവർ തങ്ങളുടെ എന്തെങ്കിലും പ്രവൃത്തികൊണ്ടോ വാക്കുകൊണ്ടോ വഞ്ചന കാണിച്ചാൽ ഈ ഉടമ്പടി ദുർബലപ്പെട്ടുപോകുന്നതായിരിക്കും. ഈ ഉടമ്പടി ഹിജ്റ 12 റബീഉൽ അവ്വൽ മാസത്തിൽ എഴുതപ്പെട്ടു.

ഈ രേഖ ഹീറഹ്വാസികൾക്ക് നല്കപ്പെട്ടു. ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിനുശേഷം സവാദുകാർ മതപരിത്യാഗികളായപ്പോൾ അവർ ഈ ഉടമ്പടിയെ അവമതിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. മറ്റുള്ളവരെ അവരും കുഫ്റിന് ഇരയാക്കി. ജനങ്ങളുടെമേൽ ഫാർസികളുടെ ആധിപത്യമായി. ഹദ്റത്ത് മുഥന്നാ(റ) ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹീറഹിനെ വീണ്ടും ജയിച്ചടക്കി. അപ്പോൾ അവർ ഈ ഉടമ്പടിതന്നെയാണ് സമർപിച്ചത്. എന്നാൽ, ഹദ്റത്ത് മുഥന്നാ(റ) അതുസ്വീകരിച്ചില്ല. അതിനുമേൽ മറ്റു നിബന്ധകൾ നടപ്പിൽ വരുത്തി. പിന്നീട് ഹദ്റത്ത് മുഥന്നാ(റ) ചില സ്ഥലങ്ങളിൽ പരാജയപ്പെട്ടപ്പോൾ, യുദ്ധങ്ങളിൽ അദ്ദേഹത്തിനും കുറച്ചു പിന്നിലേക്ക് പോകേണ്ടിവന്നിട്ടുണ്ട്, അവർ വീണ്ടും ജനങ്ങളുമായി ചേർന്ന് അവിശ്വാസം സ്വീകരിച്ചു. കലാപകാരികളെ സഹായിക്കുകയും ആ ഉടമ്പടിയെ നിന്ദിക്കുകയും ചെയ്തു. ആ ഉടമ്പടിയനുസരിച്ച് പ്രവർത്തിച്ചില്ല. പിന്നീട് ഹദ്റത്ത് സഅ്ദ്(റ) ഹീറഹ് ജയിച്ചടിക്കിയപ്പോൾ ആ ആളുകൾ മുമ്പേയുള്ള ഉടമ്പടിയിൽ ഭേദഗതി ആഗ്രഹിച്ചു. അപ്പോൾ ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: ആ രണ്ടു ഉടമ്പടികളിൽ ഏതെങ്കിലുമൊന്ന് സമർപിക്കുക. എന്നാൽ, അതു സമർപിക്കാൻ അവർക്കു കഴിഞ്ഞില്ല. അപ്പോൾ ഹദ്റത്ത് സഅ്ദ് അവരുമേൽ ശിക്ഷാ നടപടികൾ നടപ്പിൽവരുത്തി. അവരുടെ സാമ്പത്തികമായ അവസ്ഥകൾ അന്വേഷിച്ചതിനുശേഷം മുത്തുകൾകൂടാതെ നാലു ലക്ഷത്തിന്റെ കപ്പം ചുമത്തി.

ഹീറഹ് വിജയിച്ചപ്പോൾ ഹദ്റത്ത് ഖാലിദ് വിജയത്തിന്റെ നമസ്കാരം നമസ്കരിച്ചു. ഇതിൽ എട്ടു റക്അത്തുകൾ ഒരു സലാംകൊണ്ട് നിറവേറ്റി.

അതായത് ഒന്നിച്ച് 8 റക്അത്ത് നമസ്കരിച്ചു. അതുകഴിഞ്ഞ് വന്നപ്പോൾ പറഞ്ഞു, മുഅത്ത യുദ്ധത്തിൽ ഞാൻ യുദ്ധ ചെയ്തപ്പോൾ ആ നേരത്ത് എന്റെ കൈയിൽനിന്ന് 9 വാളുകൾ പൊട്ടിപ്പോയിരുന്നു. പേർഷ്യൻ ജനതയിൽപ്പെട്ട ഈ ജനതയോടു ഞാൻ യുദ്ധം ചെയ്തതുപോലെ ആരോടും യുദ്ധം ചെയ്തിട്ടില്ല. ഉല്ലയ്സുകാരോടു യുദ്ധം ചെയ്തതുപോലെ പേർഷ്യൻകാരിൽപ്പെട്ട ആരോടും ഞാൻ യുദ്ധം ചെയ്തിട്ടില്ല. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 316-319, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

വീണ്ടും എഴുതിയിരിക്കുന്നു: അവർ ഹദ്റത്ത് ഖാലിദിന്റെ തുരുസന്നിധിയിൽ ഉപഹാരങ്ങളും അയക്കുകയുണ്ടായി. പക്ഷേ, ഹദ്റത്ത് ഖാലിദ് വിജയത്തിന്റെ സുവാർത്തയോടൊപ്പം ആ ഉപഹാരങ്ങളും ഹദ്റത്ത് അബൂബക്റിന്റെ തിരുസന്നിധയിൽ അയച്ചു. ഹദ്റത്ത് അബൂബക്ർ(റ)ഉം നീതിയുടേയും ന്യായത്തിന്റേയും ഉന്നതമായ നിലവാരത്തിന്റെ പാഠം നല്കിക്കൊണ്ട് ആ എല്ലാ ഉപഹാരങ്ങളും ജിസ്‌യയിൽ ഉൾപ്പെടുത്തി സ്വീകരിച്ചു. ഹദ്റത്ത് ഖാലിദിനെഴുതി: ഈ ഉപഹാരങ്ങൾ ജിസ്‌യയിൽപ്പെട്ടതാണെങ്കിൽ നല്ലതുതന്നെ. ഇല്ലെങ്കിൽ താങ്കൾ അവ ജിസ്‌യ അഥവാ ടാക്സിൽ ഉൾപ്പെടുത്തി ബാക്കി തുക വസൂൽ ചെയ്യുക. അതായത് ഉപഹാരമെന്ന നിലയിൽ ഈ വസ്തുക്കൾ സ്വീകരിച്ചില്ല. പ്രത്യുത കപ്പം എന്ന നിലയിലാണ് അതു സ്വീകരിച്ചത്. മുസ്‌ലിമീങ്ങൾ ഹീറഹിലെ തദ്ദേശവാസികളോടു വളരെ വിശാല ഹൃദയത്തോടെ പെരുമാറി. ഈ സൽപെരുമാറ്റംകണ്ട് ചുറ്റുവട്ടത്തുള്ള ഭൂഉടമകളും നേതാക്കന്മാരും ജിസ്‌യ നല്കുന്നത് സ്വീകരിച്ചുകൊണ്ട് മുസ്‌ലിമീങ്ങളുടെ കീഴിലുള്ള ജിവിതം സ്വീകരിച്ചു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 318-319, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

ഹീറഹ് വിജയം മഹത്തായ യുദ്ധപ്രാധാന്യമുള്ളതായി സ്ഥാപിതമായി.

ഇതുമുഖേന മുസ്‌ലിമീങ്ങളുടെ ദൃഷ്ടിയിൽ പേർഷ്യയുടെ വിജയ പ്രതീക്ഷ വർധിച്ചു. കാരണം ഇറാഖിന്റേയും പേർഷ്യയുടേയും ഭരണ കൂടങ്ങൾക്ക് ഭൂമിശാസ്ത്രപരമായും സാഹിത്യപരമായും ഈ നഗരത്തിന് വളരെ പ്രാധാന്യമുണ്ട്. ഇതിനെ ഇസ്‌ലാമിക സൈന്യത്തിന്റെ മഹാനായ സേനാധിപൻ തന്റെ കേന്ദ്രവും തലസ്ഥാനവുമായി നിശ്ചയിച്ചു. ഇവിടെനിന്ന് ഇസ്‌ലാമിക സൈന്യങ്ങളെ കടന്നാക്രമണത്തിന്റേയും പ്രതിരോധത്തിന്റേയും പദ്ധതികളുടേയും സഹായങ്ങളുടേയും കല്പനകൾ പുറപ്പെടുവിക്കുകയും തടവുകാരുടെ കാര്യങ്ങളുടെ വ്യവസ്ഥിതിയേയും ചട്ടങ്ങളേയും സംബന്ധിക്കുന്ന ആസൂത്രണങ്ങളുടേയും രാജകാര്യങ്ങളുടേയും കേന്ദ്രവുമാക്കിയിരുന്നു. അവിടെനിന്ന് ഹദ്റത്ത് ഖാലിദ്(റ)കരവും നികുതിയും വസൂൽ ചെയ്യുന്നതിനുവേണ്ടി വിവിധ സംസ്ഥാനങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. ഇപ്രകാരം ശത്രുക്കളിൽനിന്ന് സംരക്ഷണമുണ്ടാകുന്നതിന് അതിർത്തികളിൽ അമീർമാരെ നിയോഗിച്ചിരുന്നു. സ്വയം ഇവിടെ താമസിച്ച് സമാധാന വ്യവസ്ഥിതിയും സുസ്ഥിരതയും പഴയസ്ഥിതിയിൽ നിലനിറുത്തുന്നതിന് പ്രവർത്തിച്ചു. അദ്ദേഹത്തെ കുറിച്ചുള്ള വിവരങ്ങൾ ഭൂഉടമകൾക്കും നേതാക്കന്മാർക്കും കിട്ടി. അവർ അദ്ദേഹവുമായി സന്ധിചെയ്യാൻ മുമ്പോട്ടുവന്നു. ഇവർ വിജയിക്കുന്നുവെന്ന് അവർ കണ്ടപ്പോൾ അവർ സന്ധി ചെയ്തു. മുസ്‌ലിമീങ്ങളുമായി സന്ധി ചെയ്യാത്തവരായി ഇറാഖിലും അതിന്റെ ചുറ്റുവട്ടത്തുമുള്ളവരായി ആരുമുണ്ടായിരുന്നില്ല. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ, പേജ് 412, മക്തബുൽഫുർഖാൻ മുള്ഫർഗഢ്)*

ഹദ്റത്ത് ഖാലിദ് ഒരു വർഷംവരെ ഹീറഹിൽ താമസിച്ചു. ശാമിലേക്ക് മടങ്ങി

പോകുന്നതിനുമുമ്പേ അതിന്റെ പുറമെയുള്ളതും അതിന്റെ കീഴിലുള്ളതുമായ പ്രദേശങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരുന്നു. പേർഷ്യക്കാർ രാജാക്കന്മാരെ ഉണ്ടാക്കിക്കൊണ്ടിരിക്കുകയും സ്ഥാനഭ്രഷ്ടരാക്കിക്കൊണ്ടിരിക്കുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 321, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

അതായത് അതിന്നെതിരിൽ പേർഷ്യക്കാർ എന്താണ് ചെയ്തതെന്നാൽ അവിടെ കേവലം രാജാക്കന്മാർ ഉണ്ടായിക്കൊണ്ടിരിക്കുകയും സ്ഥാനഭ്യഷ്ടരാക്കിക്കൊണ്ടിരിക്കുകയും ചെയ്തു. ഇറാഖിന്റെ അന്തരീക്ഷം ശുഭമായി കഴിയുകയും ഹീറഹിന്റേയും ദജലയുടേയുമിടയ്ക്ക് അറബികളുടെ പ്രദേശങ്ങളിൽനിന്ന് പേർഷ്യൻ ഭരണം അവസാനിക്കുകയും ചെയ്തതുകൊണ്ട് പിന്നിൽനിന്ന് ഭീഷണിയൊന്നും അവശേഷിച്ചില്ല. ഹദ്റത്ത് ഖാലിദ്(റ) നേരിട്ട് ഇറാനുമേൽ ആക്രമണം നടത്താൻ തീരുമാനിച്ചു. ഇതിനിടയിൽ ഇറാൻ രാജാവായ അർദശീർ, കിസ്റാ മരണപ്പെട്ടതുകാരണം ഇറാനിയൻ ഭരണകൂടം അസ്വസ്ഥ ഭരിതരായിരുന്നു. അയാളുടെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് അവർക്കിടയിൽ രൂക്ഷമായ ഭിന്നിപ്പ് രൂപംകൊണ്ടു. ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് ഖാലിദ് അവരുടെ രാജാക്കന്മാർക്കും സുപ്രധാന നേതാക്കന്മാർക്കും ഇങ്ങനെ കത്തുകളെഴുതി: ഖാലിദ് ബിൻ വലീദ് പേർഷ്യൻ രാജാക്കന്മാർക്കെഴുതുന്നത്. അമ്മാ ബഅ്ദ്! അല്ലാഹുവിനുതന്നെയാണ് സർവസ്തുതിയും. അവൻ നിങ്ങളുടെ സംവിധാനത്തെ പൊളിച്ചിരിക്കുന്നു. നിങ്ങളുടെ നീക്കങ്ങളെ പരാജയപ്പെടുത്തി. നിങ്ങൾക്കുള്ളിൽ ഭിന്നിപ്പുണ്ടാക്കി നിങ്ങളുടെ ശക്തി ക്ഷയിപ്പിച്ചു. നിങ്ങളുടെ സമ്പത്ത് പിടിച്ചെടുത്തു. നിങ്ങളുടെ വിജയത്തേയും അന്തസ്സിനേയും മണ്ണിൽ ആഴ്ത്തുകയും ചെയ്തു. അതുകൊണ്ട് നിങ്ങൾക്ക് എന്റെ ഈ കത്തുകിട്ടിയാൽ നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുക. നിങ്ങൾ രക്ഷയിലും സമാധാനത്തിലും ആകുന്നതാണ്. അതല്ലെങ്കിൽ ഉടമ്പടി ചെയ്ത് ജിസ്‌യ കൊടുക്കാൻ തയ്യാറാകുക. ഇസ്‌ലാം സ്വീകരിക്കുന്നത് സമ്മതമല്ലെങ്കിൽ സന്ധി ചെയ്യുക. ജിസ്‌യ നല്കാൻ തയ്യാറാകുകയും ചെയ്യുക. അങ്ങനെ ചെയ്യുകയാണെങ്കിൽ ഞങ്ങൾ നിങ്ങളേയും നിങ്ങളുടെ പ്രദേശങ്ങളേയും ഒഴിവാക്കി മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നതാണ്. ഇല്ലെങ്കിൽ

അല്ലാഹുവാണ! അവനല്ലാതെ ഒരു ആരാധ്യനുമില്ല. നിങ്ങൾ ജീവിതത്തെ ഇഷ്ടപ്പെടുന്നതുപോലെ, മരണത്തെ ഇഷ്ടപ്പെടുന്നവരും നിങ്ങൾ ഭൗതിക ലോകത്തോടു താൽപര്യം കാണിക്കുന്നതുപോലെ പലോകത്തോടു താൽപര്യം കാണിക്കുന്നവരുമായ ഒരു സൈന്യത്തെ ഞാൻ നിങ്ങളുടെ അടുത്തു കൊണ്ടുവരുന്നതായിരിക്കും. ഇറാനിയൻ ഉദ്യോഗസ്ഥന്മാർക്കും അമീർമാർക്കും കത്തെഴുതിക്കൊണ്ടു പറഞ്ഞു: ഖാലിദ് ബിൻ വലീദ് പേർഷ്യൻ അമീറുമാരുടെ പേരിൽ എഴുതുന്നത്, ഈ കത്ത് ഖാലിദ് ബിൻ വലീദ് ഇറാനിയൻ ഉദ്യോഗസ്ഥന്മാർക്കും അമീർമാർക്കും എഴുതുന്നതാണ്. നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ സമാധാനത്തോടെ ജീവിക്കുന്നതായിരിക്കും. അല്ലെങ്കിൽ ജിസ്‌യ നല്കുക. ഞങ്ങൾ നിങ്ങളെ സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ടവരായിരിക്കും. ഇല്ലെങ്കിൽ ഓർക്കുക!നിങ്ങൾ മദ്യം കുടിക്കാൻ എത്രകണ്ട് ആശിക്കുന്നവരാണോ അത്രകണ്ട് മരണം ആശിക്കുന്നവരുമായാണ് ഞാൻ നിങ്ങളുടെമേൽ ആക്രമണം നടത്തുക

ഹീറഹിന്റെ വിജയംകൊണ്ട് ഇറാഖിനെ വിജയിക്കുന്നതിലൂടേയും അതിനെ ഇസ്‌ലാമിക ഭരണകൂടത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിലൂടേയും ഹദ്റത്ത് അബൂബക്റിന്റെ ആഗ്രഹങ്ങളുടെ ഒരു ഭാഗം പൂർത്തീകരിക്കപ്പെടുകയുണ്ടായി. അത് വാസ്തവത്തിൽ ഇറാനെ നേരിട്ട് ആക്രമിക്കുന്നതിനുള്ള പ്രാരംഭ ദശയായിരുന്നു. ഹദ്റത്ത് ഖാലിദ് ഇതു സംബന്ധിച്ച് തന്റെ ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കുകയും കുറഞ്ഞ സമയത്തിനുള്ളിൽ ഹീറഹ്‌വരെ എത്തുകയും ചെയ്തു. കാരണം ഇറാഖിന്നെതിരിൽ അദ്ദേഹത്തിന്റെ യുദ്ധ നടപടികളുടെ തുടക്കമുണ്ടായത് ഹിജ്റ 12 മുഹർറമാസത്തിൽ കാളിമായിൽനിന്നാണ്. ഇതേ വർഷം ഹിജ്റ 12 റബീഉൽഅവ്വൽ മാസത്തിൽ ഹീറഹ് വിജയിക്കുകയുണ്ടായി.

ഇതിനുശേഷം അൻബാർ യുദ്ധത്തിന്റേയും ദാത്തുൽ ഉയൂൻ യുദ്ധത്തിന്റേയും വിവരണമാണ്. അൻബാറും ബഗ്ദാദിന്നടുത്തുള്ള ഒരു നഗരമാണ്. അൻബാർ എന്നു പേരുവരാനുള്ള കാരണം എഴുതിയിരിക്കുന്നത് ഇതാണ്: അറബി ഭാഷയിൽ അൻബാർ എന്നത് വിജയത്തിനും സാധനങ്ങൾ വെക്കുന്ന കുടിലിനുമാണ് പറയുന്നത്. ഈ നഗരത്തെ അൻബാർ എന്നു പറയുന്നത്, അവിടെ ഭക്ഷണപദാർഥങ്ങൾ ധാരാളമായിട്ടുണ്ടായിരുന്നു. അയ്നുത്തംറ്, അൻബാറിനടുത്ത് കൂഫയുടെ പടിഞ്ഞാറുഭാഗത്തുള്ള ഒരു നഗരമാണ്.

എഴുതിയിരിക്കുന്നു, ഇസ്‌ലാമി സൈന്യത്തിന് ഈ സ്ഥലങ്ങളിൽ ഇറാനീ സൈന്യം ഉണ്ടായിരുന്നതിനാൽ കഠിനമായ ഭീഷണി ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഈ അവസ്ഥകളിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) മൗനമായി ഹീറഹിൽത്തന്നെ ഇരിക്കുകയും പുറത്തിറങ്ങി ഇറാനീ സൈന്യത്തിന്നെതിരിൽ നടപടി സ്വീകരിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ മുസ്‌ലിമീങ്ങൾ കീഴടക്കിയ ഹീറഹിനെപോലുള്ളവ അവരിൽനിന്ന് കൈവിട്ടുപോകുമായിരുന്നു. അതാണെങ്കിൽ വളരെ ശ്രമകരമായ പോരാട്ടത്തിനുശേഷമാണ് അവരുടെ കൈയിൽ വന്നത്! അങ്ങനെ ഹദ്റത്ത് ഖാലിദ്ബിൻ വലീദ്(റ) സൈന്യത്തോടു തയ്യാറാകാൻ കല്പന കൊടുത്തു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ മുത്തർറജിം, 413, മക്തബുൽഫുർഖാൻ മുള്ഫർഗഢ്) (അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 287, മുത്തർറജിം, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004) അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 245, ദാറുൽകുതുബുൽഇൽമിയ്യ) (അൽ മുൻജിദ് നബ്ർ എന്ന പദം)(മുഅ്ജമുൽ ബുൽദാൻ വാല്യം 1, പേജ് 305, ജിൽദ് 4, പേജ് 199, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹീറഹിലും അതിന്റെ ചുറ്റുവട്ടത്തുള്ള സ്ഥലങ്ങളിലും അവസ്ഥകൾ കൈയിലൊതുങ്ങുകയും സമാധാനം സ്ഥാപിതമാകുകയും ചെയ്തപ്പോൾ ഹദ്റത്ത് ഖാലിദ് ഹീറഹിന്റെമേൽ ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറ് തമീമിയെ തന്റെ ഉപനായകനായി നിശ്ചയിച്ച് സ്വയം ഹദ്റത്ത് ഇയാള് ബിൻ ഗനമിനെ സഹായിക്കാൻ പുറപ്പെട്ടു. ഹദ്റത്ത് ഇയാള് ബിൻ ഗനമിനെ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) വടക്കുനിന്ന് ഇറാഖിനെ കീഴടക്കാൻവേണ്ടി യാത്ര അയച്ചിരുന്നു. അദ്ദേഹത്തിന് ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ പോയി കാണാൻ കല്പനയും നല്കിയിരുന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് അസ്സലാബീ മുത്തർറജിം, പേജ് 416)*

അൻബാർ സൈന്യത്തിന്റെ സേനാധിപൻ സാബാത്വിന്റെ റഈസായ ശീർസാദ് ആയിരുന്നു. അയാൾ തന്റെ കാലഘട്ടത്തിലെ മഹാ ബുദ്ധിമാനും ബഹുമാനിതനും അറബികൾക്കും അനറബികൾക്കുമിടയിൽ ഏറെ പ്രിയങ്കരനുമായ അനറബിയായിരുന്നു. സാബാത്വ് എന്നതും മദ്യനിലെ ഒരു വിഖ്യാതമായ സ്ഥലത്തിന്റെ പേരാകുന്നു. എഴുതുന്നു: അൻബാർ നിവാസികൾ കോട്ടയ്ക്കുള്ളിൽ ബന്ധിതരായി. അവർ കോട്ടയ്ക്കു ചുറ്റും കിടങ്ങ് കുഴിക്കുകയും അതിൽ വെള്ളം നിറയ്ക്കുകയും ചെയ്തു. ഈ കിടങ്ങ് കോട്ടയുടെ ഭിത്തികൾവരെ അടുത്തായിരുന്നു. ഏതെങ്കിലും മുസ്‌ലിം അതിന്നടുത്ത് എത്തുമ്പോൾത്തന്നെ കോട്ടയുടെ ഭിത്തികളിൽനിന്നിരുന്ന എതിരാളി ഭടന്മാർ അമ്പെയ്ത് മുസ്‌ലിമീങ്ങളെ പിന്നാക്കം പോകാൻ നിർബന്ധിച്ചിരുന്നു. ഇവർ ഈ അവസ്ഥയിൽത്തന്നെ കഴിയുന്നതിനിടയിൽ ഹദ്റത്ത് ഖാലിദ്(റ) തന്റെ സൈന്യത്തിന്റെ മുൻ നിരയുമായി അവിടെ എത്തി. കിടങ്ങു നോക്കിക്കാണുകയും കോട്ടയെ സംരക്ഷിക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് മനസ്സിലാക്കുകയും തന്റെ ദൈവികമായ ഉൾക്കാഴ്ചയാൽ ഒരുപദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ്(റ) തന്റെ അമ്പെയ്ത്തുകാരുടെ അടുത്തെത്തി. അവരിൽനിന്ന് ആയിരം അമ്പെയ്ത്തുകാരെ തിരഞ്ഞെടുത്തു. അവർ നല്ലപോലെ ലക്ഷ്യസ്ഥാനം കാണുന്നവരായിരുന്നു. അവർക്ക് നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: ഇവർ യുദ്ധനിയമങ്ങളെ കുറിച്ച് തികച്ചും അജ്ഞരാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ അവരുടെ കണ്ണുകളെ ലക്ഷ്യസ്ഥാനമാക്കുക. മറ്റെവിടേക്കും ലക്ഷ്യംവെച്ച് അമ്പ് തൊടുക്കരുത്. അങ്ങനെ അവർ ഒരുമിച്ച് അമ്പെയ്ത്തു തുടർന്നു. പല പ്രാവശ്യവും അങ്ങനെ തന്നെ ചെയ്തു. അതിന്റെ തിക്തഫലമായി ആയിരത്തോളം കണ്ണുകൾ അന്ന് പൊട്ടുകയുണ്ടായി. അതുകൊണ്ടുതന്നെ ഇത് ദാത്തുൽഉയൂൻ എന്ന പേരിൽ പ്രസിദ്ധമാണ്. അതായത് കണ്ണുകളുടെ യുദ്ധം!

അൻബാറുനിവാസികളുടെ കണ്ണുകൾ പൊയ്പ്പോയെന്ന് പറഞ്ഞ് ശത്രുക്കളിൽ കോലാഹലമുണ്ടായി. പക്ഷേ, എന്നിട്ടും അൻബാർ നാടുവാഴി നിരുപാധികം ആയുധം താഴെയിടാൻ തയ്യാറായില്ല. അപ്പോൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) തന്റെ സൈന്യത്തിലെ ക്ഷീണിച്ച കുറച്ച് ഒട്ടകങ്ങളേയും കൊണ്ട് കിടങ്ങിന്റെ കുടുസ്സായ ഭാഗത്തെത്തുകയും പിന്നീട് ഒട്ടകങ്ങളെ അറുത്ത് അതിലിടുകയും ചെയ്തു. കിടങ്ങ് അവയെകൊണ്ടു നിറഞ്ഞപ്പോൾ ആ മൃഗങ്ങൾ കാരണം അതൊരു പാലമായി തീർന്നു. അപ്പോൾ മുസ്‌ലിമീങ്ങളും മുശ്‌രിക്കീങ്ങളും കിടങ്ങിൽ പരസ്പരം മുഖാമുഖമായി വന്നു. ഇതുകണ്ടപ്പോൾ ശത്രുക്കൾ നിരാശരായി കോട്ടയ്ക്കുള്ളിലേക്ക് കയറി. അങ്ങനെ അൻബാർ ഭരണാധികാരിയായ ശീർസാദ്, ഹദ്റത്ത് ഖാലിദ് ബിൻ വലീദു(റ)മായി സന്ധി ചെയ്യാൻ കത്തുകൾ അയച്ചുകൊണ്ട് അപേക്ഷിച്ചു: തനിക്ക് യാത്രക്കാരുടെ ഒരു സംഘവുമായി, അതിൽ സാധനങ്ങളൊന്നുമുണ്ടായിരിക്കുന്നതല്ല-ഇവിടെനിന്ന് പോകാനും തന്റെ സങ്കേതത്തിൽ എത്തുന്നതിനും അനുമതി നല്കിയാലും! ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) അതു സമ്മതിച്ചു.

ഇവിടെ ഒരു കാര്യംകൂടി ശ്രദ്ധാർഹമാണ്. ചരിത്രകാരന്മാരിൽ പലരും ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)നെ സംബന്ധിച്ച് അദ്ദേഹം അക്രമത്തിന്റെ പാത അവലംബിച്ചുവെന്നും കൊലകൾ നടത്തിയെന്നും ആരോപിക്കുന്നു. എന്നാൽ, അദ്ദേഹമാണെങ്കിൽ ശക്തമായ യുദ്ധം ചെയ്യുന്നവർപോലും സന്ധിയിലാകാൻ മുമ്പോട്ടു വരുമ്പോൾ അതു സ്വീകരിക്കുന്നു. ശത്രുക്കളുടെമേൽ വിജയം വരിച്ചിട്ടും അവർ അവിടെനിന്ന് പോകാൻ അനുമതി ചോദിക്കുമ്പോൾ മൂന്നു ദിവസത്തേക്കുള്ള സാധനങ്ങളുമായി പോകാൻ അനുമതി നല്കുകയും ചെയ്യുന്നു. ഒരുവിധ അസ്വസ്ഥതയും പ്രകടിപ്പിക്കുന്നതുമില്ല. ഇത് അദ്ദേഹം അക്രമങ്ങൾ ചെയ്തിരുന്നുവെന്നുള്ള ആരോപണം തെറ്റാണെന്ന് തെളിയിക്കുന്നു.

ശീർസാദ് ഇവിടെനിന്ന് രക്ഷപ്പെട്ട് ബഹ്മൻ ജാദ്‌വയുടെ അടുത്തെത്തി. അയാളോടു കാര്യങ്ങളെല്ലാം ധരിപ്പിച്ചു. അയാൾ ശീർസാദിനെ ഗുണദോഷിച്ചു. അപ്പോൾ ശീർസാദ് പറഞ്ഞു: 'ഞാൻ അവിടെ തികച്ചും ബുദ്ധിശൂന്യരായ ആളുകളുടെ കൂടെയാണുണ്ടായിരുന്നത്. അവർ അറേബ്യൻ വംശജരായിരുന്നു. അയാളിതിൽ മുസ്‌ലിമീങ്ങളെയല്ലെ സൂചിപ്പിച്ചത്. പ്രത്യുത അൻബാറിലെ അറേബ്യൻ ഗോത്രങ്ങളെയാണ് ഉദ്ദേശിച്ചിരുന്നത്. അവർക്ക് ഒന്നും അറിയില്ലായിരുന്നു. ശീർസാദ് പറഞ്ഞു: മുസ്‌ലിമീങ്ങൾ തങ്ങളുടെ മൃഗങ്ങളെ ഗൗനിക്കാതെ ഞങ്ങളുടെമേൽ ആക്രമണം നടത്തുകയാണ്. തങ്ങളുടെ വാഹനമൃഗങ്ങളെ പരിഗണിക്കാതെ യുദ്ധം ചെയ്യുന്ന ജനത തീർച്ചയായും വിജയിക്കുന്നതാണ്. അവരുമായി ഞങ്ങളുടെ സൈന്യം ഏറ്റുമുട്ടിയപ്പോൾ ഞങ്ങളുടെ കോട്ടയ്ക്കുള്ളിലും കോട്ടയുടെ പുറത്തുമുണ്ടായിരുന്ന സൈന്യത്തിലെ ആയിരം കണ്ണുകൾ പൊട്ടിക്കുകയുണ്ടായി. അപ്പോൾ അവരുമായി രഞ്ജിപ്പിലെത്തുന്നതാണ് നല്ലതെന്ന് എനിക്കു തോന്നി. ഹദ്റത്ത് ഖാലിദ് ബിൻ വലീദിനും മുസ്‌ലിമീങ്ങൾക്കും അൻബാറിന്റെ അവസ്ഥകളെ സംബന്ധിച്ച് സമാധാനമായപ്പോൾ അൻബാർ നിവാസികളും ഭയമില്ലാതെ പുറത്തുവന്നു. അവർ അറബി ഭാഷ എഴുതുകയും വായിക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ നിങ്ങളാരാണെന്ന് അവരോടു ചോദിച്ചു. തങ്ങൾ അറബികളുടെതന്നെ ഒരു സമൂഹമാണെന്ന് അവർ പറഞ്ഞു. ഞങ്ങൾ ഇവിടെ നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന അറബികളുടെ അടുക്കൽ വന്നവരാണ്. അവർ ആദ്യം ബുഖ്ത്ത് നസ്റിന്റെ കാലത്ത് വന്നവരായിരുന്നു. അയാൾ അറബികൾക്ക് ഇവിടെ താമസിക്കാൻ അനുവാദം നല്കിയപ്പോൾ ഇവിടെ താമസിക്കാൻ തുടങ്ങി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ചോദിച്ചു: നിങ്ങൾ ആരിൽനിന്നാണ് എഴുതാൻ പഠിച്ചത്? അവർ പറഞ്ഞു: അറേബ്യൻ ഗോത്രമായ ബനൂഇയാദിൽനിന്നാണ് പഠിച്ചത്. അതിനുശേഷം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) അൻബാറിനു ചുറ്റും വസിക്കുന്ന ആളുകളുമായും സന്ധി ചെയ്തു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 322-323, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽബുൽദാൻ വാല്യം 3, പേജ് 209 ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഇനി അയ്നുത്തംറ് യുദ്ധത്തെ കുറിച്ചുള്ള വിവരണമാണ്. ഇത് ഹിജ്റ 12-ലാണ് നടന്നത്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) അൻബാർ ജയിച്ചടക്കുകയും അതു പൂർണമായും അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാകുകയും ചെയ്തപ്പോൾ അതിന്റെ സമീപപ്രദേശമായ അയ്നുത്തംറിനെ അദ്ദേഹം ലക്ഷ്യമിട്ടു. അത് ഇറാഖിനും ശാമിനുമിടയിൽ മണലാരണ്യത്തിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു. അൻബാറിൽനിന്ന് അയ്നുത്തം റിലെത്താൻ മൂന്നുദിവസം വേണ്ടിവന്നു. അവിടെ ഇറാനികളുടെ ഭരണാധികാരി മഹ്റാൻ ബിൻ ബഹ്റാനായിരുന്നു. അയാൾ അവിടെ അനറബികളുടെ ഒരു വലിയ സൈന്യവുമായി തമ്പടിച്ചിരുന്നു. ഇറാന്യൻ സൈന്യത്തെ കൂടാതെ അറേബ്യയിലെ വിവിധ ഗ്രാമീണ ഗോത്രങ്ങളും അവിടെ ഉണ്ടായിരുന്നു. അവരുടെ നേതാവ് ഉഖ്ഖ ബിൻ അബീ ഉഖ്ഖ ആയിരുന്നു. അവിടെയുള്ള ജനങ്ങൾ ഖാലിദിനെ സംബന്ധിച്ച് കേട്ടപ്പോൾ ഉഖ്ഖ, മഹ്റാനോടു പറഞ്ഞു: അറബികൾ അറബികളോടു യുദ്ധം ചെയ്യാൻ നല്ലവണ്ണം അറിയുന്നവരാണ്. അതുകൊണ്ട് ഞങ്ങളേയും ഖാലിദിനേയും പരസ്പരം യുദ്ധം ചെയ്യാൻ വിടുക. അതായത് ഞങ്ങളെ യുദ്ധം ചെയ്യാൻ അനുവദിക്കുക. അയാൾ എന്തൊക്കെയാണ് കരുതിയിട്ടുള്ളതെന്ന് ഞങ്ങൾക്കറിയാം. മഹ്റാൻ പറഞ്ഞു, നിങ്ങൾ പറഞ്ഞതു ശരിയാണ്. ഞങ്ങൾ അനറബികളുമായി പൊരുതുന്നതിൽ വിദഗ്ദ്ധരാണെന്നതുപോലെ നിങ്ങൾ അറബികളുമായി പൊരുതുന്നതിൽ വിദഗ്ദ്ധരാണ്. അങ്ങനെ അയാൾ ഉഖ്ഖയെ ചതിക്കുകയായിരുന്നു. അയാൾ മുഖേന സ്വയം സംരക്ഷണം ഒരുക്കി. നിങ്ങൾ അവരുമായി യുദ്ധം ചെയ്യുക എന്ന് അയാൾ പറഞ്ഞു. ആവശ്യം വന്നാൽ ഞങ്ങളും നിങ്ങളെ സഹായിക്കാം. ഉഖ്ഖ, ഖാലിദിനെ നേരിടാൻ പോയപ്പോൾ അനറബികൾ ഉഖ്ഖയെ പറ്റി വളരെ കഠിനമായ പദങ്ങൾ ഉപയോഗിച്ചുകൊണ്ട് മഹ്റാനോടു പറഞ്ഞു, അയാളോടു ഇങ്ങനെ സംസാരിക്കാൻ നിന്നെ എന്തു കാര്യമാണ് പ്രേരിപ്പിച്ചത്? അയാൾ പറഞ്ഞു, നിങ്ങളെന്നെ ഒഴിവാക്കുക. ഞാൻ നിങ്ങൾക്കു നല്ലതും മുസ്‌ലിമീങ്ങൾക്ക് ദോഷവുമാണ് ആഗ്രഹിച്ചത്. തീർച്ചയായും നിങ്ങളുടെ അടുത്ത് നിങ്ങളുടെ രാജാക്കന്മാരെപോലും വധിച്ച ഒരാളാണ് വരുന്നത്. ഖാലിദ് ബിൻ വലീദിനെ കുറിച്ച് അയാൾ തുടർന്നു, വളരെ ശക്തനായ സേനനായകനാണ്. നിങ്ങളുടെ പ്രതാപത്തെ ചവുട്ടി മെതിച്ചയാളാണ്. ഞാൻ ഉഖ്ഖയെ അദ്ദേഹത്തിനുമുന്നിൽ പരിച എന്ന നിലയ്ക്കാണ് ഉപയോഗപ്പെടുത്തിയത്. അയാൾക്ക് ഖാലിദുമായുള്ള പോരാട്ടത്തിൽ വിജയം ലഭിക്കുകയാണെങ്കിൽ ആ വിജയം നിങ്ങളുടേതു കൂടിയാണ്. എന്നാൽ, കാര്യം മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ നിങ്ങൾ ഖാലിദിനെതിരെ പോരാടാൻ പോരുന്നവരല്ല;അവർ ക്ഷീണിതാവസ്ഥയിൽ ആയിരിക്കുമ്പോഴല്ലാതെ. പിന്നെ നമുക്ക് അവരെ നേരിടാവുന്നതാണ്. അപ്പോൾ നമ്മൾ ശക്തരും അവർ ദുർബലരുമായിരിക്കും. ഇതുകേട്ടപ്പോൾ അവർ മഹ്റാനിന്റെ അഭിപ്രായത്തിന്റെ മേന്മ അംഗീകരിച്ചു. മഹ്റാൻ അവിടെ അയ്നുത്തംറിൽത്തന്നെ തങ്ങി. ഹദ്റത്ത് ഖാലിദിനെ നേരിടാൻ ഉഖ്ഖ, വഴിയിൽത്തന്നെ തമ്പടിച്ചു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ്, 288-289)(താരീഖ് അത്ത്വബരി വാല്യം 2, പേജ് 324, ഖബ്റു അയ്നുത്തംറ്, ദാറുൽകു*

ശേഷം പേജ് 7 ൽ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 33 പേജ് 9, കോളം 2-ൽ നിന്ന്)

ഇതിനു ശേഷം എനിക്ക് അഹ്മദികളോടും പറയാനുള്ളത് ഇതു തന്നെയാണ്. ഈ പ്രദേശത്ത് താമസിക്കുന്നവരോടു ഈ മസ്ജിദ് നിങ്ങൾ നിർമിച്ചതിന്നുശേഷം ഉത്തരവാദിത്വം വർധിച്ചിരിക്കുന്നു. നിങ്ങൾ രാജ്യത്തിനോടും ജനതയോടും കൂറുള്ളവരാണെന്ന് മുമ്പത്തേക്കാൾ കൂടുതൽ പ്രകടിപ്പിക്കേണ്ടതാണ്. നിങ്ങൾ ധാർമികപരമായ മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്നവരാണ്. അതു നിറവേറ്റുന്നവരാണ് നിങ്ങൾ. മുമ്പത്തേക്കാൾ കൂടുതൽ ഓരോ അഹ്മദിയിൽനിന്നും ഇത് വെളിപ്പെടേണ്ടതാണ്. നമ്മളിവിടെ സ്നേഹാനുകമ്പയുടേയും മൈത്രിയുടേയും അന്തരീക്ഷം സ്ഥാപിക്കേണ്ടതുണ്ട്. അല്ലാഹു നിങ്ങളെ അതിന് തുണയ്ക്കുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും നന്ദി.

ഹുസൂർ അൻവറിന്റെ ഈ പ്രഭാഷണം 06.10 വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ഇതിൽ അതിഥികൾ അവരവരുടേതായ രീതിയിൽ പങ്കു കൊണ്ടു. ശേഷം എല്ലാവരും ഹുദൂറിനോടൊപ്പം ഭക്ഷണം കഴിച്ചു.

തുടർന്ന് 07.00 മണിക്ക് മഹ്ദിയാബാദിലെ മസ്ജിദ് ബയ്ത്തുൽ ബസ്വീറിൽ മഗ്രിബ്-ഇശാഅ് നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി ഹുദൂറിന്റെ നേതൃത്വത്തിൽ നമസ്കരിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂറിന് നാഹെ (Nahe)യിലെ മഹ്ദിയാബാദിൽ നിന്നു ഒസ്നാ ബ്രൂക്കിലേക്ക്(Osnabruck)പോകേണ്ടതുണ്ടായിരുന്നു.

പ്രിയപ്പെട്ട ഹുദൂറിന് യാത്രയയപ്പ് നല്കാൻ വലിയൊരു അഹ്മദി ജനാവലി മഹ്ദിയാബാദിൽ ഒരുമിച്ചു കൂടിയിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും കോറസായി യാത്രയയപ്പ് ഗാനങ്ങൾ ആലപിച്ചു. 07.55-ന് ഹുദൂർ താമസ സ്ഥലത്തു നിന്നു പുറത്തു വരികയും ജമാഅത്ത് സഹോദരന്മാരുടെ ഇടയിൽ കുറച്ചു സമയം ചെലവഴിക്കുകയും ചെയ്തു. എല്ലാ ഓരോരുത്തരും ഹുദൂറിനെ ദർശിച്ചു. 08.00 മണിക്ക് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ഒസ്നാ ബ്രൂക്കിലേക്ക് പുറപ്പെട്ടു.

മഹ്ദിയാബാദിൽനിന്നു ഒസ്നാബ്രൂക്കിലേക്ക് 262 കിലോമീറ്റർ ദൂരമുണ്ട്. ഏകദേശം രണ്ടര മണിക്കൂർ യാത്രയ്ക്കുശേഷം രാത്രി 10.30-ന് ഹുദൂർ മസ്ജിദ് ബിശാറത്തിലെത്തി. ഒസ്നാബ്രൂക്ക് ജമാഅത്തിലെ സഹോദരങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് ഊഷ്മളമായ വരവേൽപ്പ് നല്കി. സ്ത്രീകളും പുരുഷന്മാരും ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന വലിയൊരു ജനാവലി പ്രിയപ്പെട്ട തങ്ങളുടെ ഇമാമിന്റെ വരവ് പ്രതീക്ഷിച്ച് തടിച്ചു കൂടിയിരുന്നു.

ഹുദൂർ അൻവർ വാഹനത്തിൽനിന്നു പുറത്തു വന്നതും ഒസ്നാബ്രൂക്ക് സ്വദർ ജമാഅത്ത് മലിക്ക് നവീദ് അഹ്മദ് സാഹിബും മുബല്ലിഗ് ഹന്നാൻ സോദി സാഹിബും ചേർന്ന് ഹുദൂർ അൻവറിനെ സ്വീകരിച്ചു. ഹുദൂറിൽനിന്നു ഹസ്തദാനം സ്വീകരിച്ചു. ഹുദൂർഅൻവർ കൈയ്യുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. താമസ സ്ഥലത്തേക്ക് പോകുകയും ചെയ്തു. മസ്ജിദ് ബിശാറത്തിനോട് ചേർന്നുള്ള മിഷണിലെ റസിഡൻഷ്യൽ ഭാഗത്തായിരുന്നു ഹുദൂറിന് താമസ സൗകര്യമൊരുക്കിയിരുന്നത്.

**മസ്ജിദ് ബയ്ത്തുൽബസ്വീർ ഉദ്ഘാടനം: അതിഥികളുടെ പ്രതികരണങ്ങൾ**

ബയ്ത്തുൽ ബസ്വീർ മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് ഹുദൂർ നല്കിയ പ്രഭാഷണം പങ്കെടുത്ത അതിഥികളിൽ ആഴത്തിൽ സ്വാധീനമുണ്ടാക്കി. വളരെയധികം അതിഥികൾ ഇക്കാര്യം തുറന്നു പ്രകടിപ്പിച്ചു. ചിലത് ചുവടെ ചേർക്കുന്നു:

ഗ്യൂഡോ ജെർഡെമാന് സാഹിബ്(Guido Gerdemann) പറയുന്നു: ഇന്നത്തെ പരിപാടി എനിക്ക് വളരെയധികം ഇഷ്ടമായി. ഹിസ്ഹോളിനസിന്റെ പ്രഭാഷണവും എനിക്ക് വളരെ ഇഷ്ടമായി. കാരണം നാമെല്ലാം സ്വീകരിക്കേണ്ട മൂല്യങ്ങളെ കുറിച്ചാണ് അദ്ദേഹം വിവരിച്ചത്. ഇക്കാലഘട്ടത്തിൽ വളരെ അനിവാര്യമായ മൂല്യങ്ങളാണിത്. സഹവർത്തിത്വത്തോടും ശാന്തി സമാധാനത്തോടും ജീവിക്കണം. അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ വ്യക്തിത്വം എനിക്ക് വളരെ പ്രിയപ്പെട്ടതും ശാന്ത നിർഭരവുമായി തോന്നി.

ഒരു അതിഥിയായ ജാൻ എഡേഴ്സ്(Jan Eders) സാഹിബ് പറയുന്നു: ഇന്നത്തെ പരിപാടി എനിക്ക് വളരെയധികം ഹൃദയസ്പൃക്കായി തോന്നി. കാരണം, ആദ്യമായാണ് എനിക്ക് ഇങ്ങനെയൊരു പരിപാടിയിൽ സംബന്ധിക്കാൻ സാധിച്ചത്. ഖലീഫയുടെ പ്രഭാഷണത്തിൽ എനിക്ക് വളരെ നന്നായി തോന്നിയത് മുമ്പേചെയ്ത പ്രസംഗകർ സൂചിപ്പിച്ച കാര്യങ്ങളെ എടുത്ത് പറഞ്ഞതാണ്.

സ്റ്റെഫാൻ വെബർ (Steffan Weber) സാഹിബ് പറയുന്നു: എനിക്ക് അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ വ്യക്തിത്വം പൂർണ്ണമായ കാന്തിക ശക്തിയുള്ളതായി തോന്നി. അദ്ദേഹത്തിന്റെ വാക്കുകളോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. വിശിഷ്യ, അദ്ദേഹം പ്രതിപാദിച്ച മാനുഷിക മൂല്യങ്ങൾ എനിക്ക് ഇഷ്ടമായി. കാരണം ഇത് ഓരോ മനുഷ്യനും വളരെ പ്രാധാന്യമുള്ളതാണ്.

ഒരു അതിഥി Ulf Daude സാഹിബ് Consultant of ministerpresident പറയുന്നു:ഖലീഫയുടെ പ്രഭാഷണം വളരെയധികം ഗാംഭീര്യം നിറഞ്ഞതായിരുന്നു. എല്ലാ മതങ്ങളിലും ഐക്യം സൃഷ്ടിക്കുന്ന ഭാഗമാണ് അദ്ദേഹം വിവരിച്ചതെന്നത് എനിക്ക് വളരെ ഉന്നതമായി തോന്നി. ഞാനൊരു ക്രൈസ്തവ ചർച്ചിലെ അംഗമാണ്. ഞങ്ങളുടെ ആരാധനാ രീതിയും നിങ്ങളുടെ മതത്തിലെ വളരെയധികം കാര്യങ്ങളിൽ പരസ്പരം അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും അഹ്മദിയ്യാ ജമാഅത്ത് ഇമാം വിവരിച്ച വശങ്ങളെ ഓരോ വ്യക്തിയും അംഗീകരിക്കും. നമുക്കെല്ലാവർക്കും ഒരേയൊരു ദൈവമേ ഉള്ളൂ എന്നതാണ് എന്റെ വിശ്വാസം. കേവലം ആരാധനാ രീതി മാത്രമേ വ്യത്യാസമുള്ളൂ.

അദ്ദേഹം പറഞ്ഞു: എല്ലാവരുടേയും ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യക്തിത്വമാണ് ഖലീഫ. നിസ്സംശയം എനിക്ക് ഉർദു അറിയില്ല. എങ്കിലും ഞാൻ ഒരു ചെവികൊണ്ട് അദ്ദേഹത്തിന്റെ വാക്കുകളിൽ ആലോചിക്കുന്നുണ്ടായിരുന്നു. തന്മൂലം ഖലീഫയുടെ വാക്കുകൾ എന്നിൽ എത്ര ആഴത്തിലുള്ള സ്വാധീനം ചെലത്തുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചിരുന്നു. ഒരു നിമിഷ നേരത്തേക്കുപോലും അവിടെനിന്ന് എഴുന്നേറ്റ് പോകുന്നത് അനുചിതമാകുമെന്ന തോന്നൽ ഉളവാക്കും വിധം അദ്ദേഹത്തിന്റെ വ്യക്തിത്വവും സ്വാധീനവും എന്നെ സ്വാധീനിച്ചിരുന്നുവെന്ന് എനിക്ക് സമ്മതിക്കേണ്ടിവരും.

ബർബേര ഗുൻദർ സാഹിബ(Berbera Gunther) പറയുന്നു:ആദ്യമായി ഖലീഫയുടെ മേൽ ദൃഷ്ടി പതിഞ്ഞപ്പോൾ എനിക്ക് ആത്മവിശ്വാസമുണ്ടായി. സർവാദരണീയമായ വ്യക്തിയാണെന്ന് തോന്നി. ഖലീഫയുടെ പ്രഭാഷണത്തിൽ ഒരു കാര്യം വളരെ ഇഷ്ടമായി തോന്നുകയുണ്ടായി. നാമെല്ലാവരും അത് മുന്നിൽ വെക്കേണ്ടതാണ്. തദനുസ്യതമായി പ്രവർത്തിക്കേണ്ടതുമാണ്. സഹവർത്തിത്വം സൃഷ്ടിക്കുന്ന കാര്യങ്ങളെ കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. അതുമുഖേവ ഐക്യം സൃഷ്ടിക്കപ്പെടുന്നു.

ലോക്കൽ അസംബ്ലി അംഗമായ കായി വോഗൽ (Kai Vogel) സാഹിബ് പറയുന്നു: എനിക്കിന്ന് ഈ പ്രോഗ്രാമിൽ പങ്കെടുത്ത് വളരെ സന്തോഷമുണ്ടായി. കാരണം, ഈ മസ്ജിദിന്റെ ഉദ്ഘാടനം കേവലം അഹ്മദിയ്യാ ജമാഅത്തംഗങ്ങൾക്കുവേണ്ടി മാത്രമല്ല നടന്നത്. പ്രത്യുത, ഈ പ്രദേശത്തിനും വളരെ സന്തോഷം പകരുന്ന അവസരമായിരുന്നു. ഖലീഫയെ കാണുമ്പോൾ ഉടൻ വ്യക്തമാകുന്നത് അദ്ദേഹം ഒരു സുപ്രധാന വ്യക്തിത്വമാണെന്നാണ്. എന്റെ അഭിപ്രായത്തിൽ ക്രൈസ്തവരിൽ കത്തോലിക്കാ പോപ്പിന്റെ അതേ സ്ഥാനമാണ് നിങ്ങളുടെ ഖലീഫക്ക് നിങ്ങളുടെ ജമാഅത്തിലുള്ളത്. ഇത്തരത്തിലുള്ള ഒരു വ്യക്തിയുമായി സംസാരിക്കാൻ അവസരം ലഭിച്ചത് എനിക്ക് ലഭിച്ച വളരെ വലിയ ആദരവാണ്. ഈ കൂടിക്കാഴ്ച വളരെയധികം അനുഗ്രഹീതമാണെന്ന് എനിക്ക് അനുഭവവേദ്യമായി. ഇതരരെ കുറിച്ച് നമുക്കെല്ലാമുള്ള ആശങ്കകൾ അവസാനിപ്പിക്കണമെന്ന ഖലീഫയുടെ വാക്കുകൾ വളരെ പ്രാധാന്യമുള്ളതാണെന്ന് എനിക്ക് തോന്നുന്നു. അപ്പോൾ മാത്രമേ നമുക്ക് സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാലഘട്ടത്തിലെ കുഴപ്പങ്ങൾക്ക് അന്ത്യം കുറിക്കാനും സാധിക്കുകയുള്ളൂ.

(തുടരും)

പേജ് 5 ൽ നിന്ന്

*തുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഉഖ്ഖ തന്റെ സൈന്യത്തിന്റെ അണികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് ഖാലിദ് നേരിട്ട് അയാളെ ആക്രമിക്കുകയും ബന്ദിയാക്കുകയും ചെയ്തു. അയാളുടെ സൈന്യം യുദ്ധം ചെയ്യാതെ തന്നെ പരാജയപ്പെട്ട് ഓടിപ്പോയി. അവരിൽ അധികംപേരേയും തടവുകാരാക്കി.

ഈ വാർത്ത മഹ്റാൻ അറിഞ്ഞപ്പോൾ തന്റെ സൈന്യവുമായി ഓടിപ്പോയി. അവർ കോട്ട ഉപേക്ഷിച്ചു. പരാജയപ്പെട്ടവർ ഈ കോട്ടവരെ എത്തിയപ്പോൾ, അതിൽ അഭയം തേടി. ഹദ്റത്ത് ഖാലിദ്(റ) അവരെ വളഞ്ഞു. അപ്പോൾ അവർ ഹദ്റത്ത് ഖാലിദിനോടു അഭയം യാചിച്ചു. എന്നാൽ. അദ്ദേഹം നിഷേധിച്ചു. അവർ അദ്ദേഹത്തിന്റെ തീരുമാനം സ്വീകരിച്ചുകൊണ്ട് ആയുധങ്ങൾ താഴെയിട്ടു. അദ്ദേഹം അവരെ ബന്ദികളാക്കി. ഉഖ്ഖയേയും അയാളുടെ ഒപ്പം മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിൽ പങ്കെടുത്ത എല്ലാവരേയും വകവരുത്തുകയുണ്ടായി. കോട്ടയ്ക്കുള്ളിലുള്ളവരെ ബന്ദികളാക്കി. അതിനുള്ളിലുണ്ടായിരുന്ന വസ്തുക്കൾ സമരാർജിത സ്വത്തുക്കൾ എന്ന നിലയ്ക്ക് എടുക്കുകയും ചെയ്തു. അദ്ദേഹം അവരുടെ ചർച്ചുകൾക്കുള്ളിൽ 40 ആൺകുട്ടികളെ കണ്ടു. അവരെ ക്രിത്യാനികൾ ജാമ്യമായി പിടികൂടിയതായിരുന്നു. അവർ നേരത്തെ അറബി വംശജരായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ ഇതിനുള്ള പ്രാധാന്യമെന്തെന്നാൽ ഈ കുട്ടികളുടെ സന്തതികളിൽനിന്ന് വലിയ വലിയ ആളുകൾ ജന്മംകൊള്ളുകയുണ്ടായി. അവർ ആ കാലഘട്ടത്തിലും പിന്നീടുള്ള ചരിത്രത്തിലും വളരെ ആഴത്തിലുള്ളതും മായാത്തതുമായ മുദ്ര പതിപ്പിച്ചവരായിരുന്നു. ഈ കുട്ടികളുടെ കൂട്ടത്തിൽ മുഹമ്മദ് ബിൻ സീരീന്റെ പിതാവ് സീരീനും മൂസാ ബിൻ നസ്വീറിന്റെ പിതാവ് നസ്വീറും ഹദ്റത്ത് ഉഥ്മാൻ(റ) സ്വതന്ത്രനാക്കിയ അടിമ ഹംറാനും ഉൾപ്പെടുന്നു. സീരീൻ ഇറാഖുകാരനായിരുന്നു. അയ്നുത്തംറ് യുദ്ധത്തിൽ തടവുകാരനായി. ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ അടിമയായി. വളരെ വലിയ ശിൽപകാരനായിരുന്നു. അദ്ദേഹം ഹദ്റത്ത് അനസിനോടു സ്വാതന്ത്ര്യവ്യവസ്ഥ തയ്യാറാക്കി സ്വാതന്ത്ര്യം നേടി. അദ്ദേഹത്തിന്റ മകന്റെ പേര് മുഹമ്മദ് ബിൻ സീരീൻ ആയിരുന്നു. അദ്ദേഹം പ്രസിദ്ധനായ താബ്‌യി ആയിരുന്നു. തഫ്സീറിലും ഹദീഥിലും ഫിഖ്ഹിലും സ്വപ്ന വ്യാഖ്യാനം തുടങ്ങിയ വിദ്യകളിലും ഇമാമായിരുന്നു. ഈ മുഹമ്മദ് ബിൻ സീരിൻ അദ്ദേഹത്തിന്റെ മകനായിരുന്നു. ഇദ്ദേഹം യുദ്ധത്തിൽ ബന്ദിയാക്കപ്പെട്ടിരുന്നു. പിന്നീട് അദ്ദേഹം സ്വാതന്ത്ര്യം നേടി. പിന്നീടുള്ളത് നസ്വീറായിരുന്നു. ഇദ്ദേഹം മൂസാ ബിൻ നസ്വീറിന്റെ പിതാവായിരുന്നു. ഇദ്ദേഹം ബനൂഉമയ്യായുടെ തടവുകാരിൽപ്പെട്ട ആളായിരുന്നു. ബനൂ ഉമയ്യായിലെ ഏതൊ വ്യക്തി അദ്ദേഹത്തെ സ്വതന്ത്രനാക്കിയതാണ്. ഇദ്ദേഹം തന്റെ മകൻ മൂസായുടെ കാരണത്താൽ പ്രസിദ്ധനായി. മൂസാ ബിൻ നസ്വീർ വടക്കൻ ആഫ്രിക്കയിൽ പ്രസിദ്ധനായി. ത്വാരിഖ് ബിൻ സിയാദിനോടൊപ്പം സ്പെയിനിൽ ഇസ്‌ലാമിക ഭരണം സ്ഥാപിക്കുന്നതിൽ വളരെ വലിയ പങ്കാണ് വഹിച്ചത്. പിന്നെ ഹംറാൻ ബിൻ അബാനും അയ്നുത്തംറ് യുദ്ധത്തിലെ തടവുകാരിൽപ്പെട്ട ആളായിരുന്നു. അദ്ദേഹം യഹൂദികളിൽ നിന്നുള്ള ആളായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ)നാണ് അദ്ദേഹത്തെ സ്വതന്ത്രനാക്കിയത്.

ഹദ്റത്ത് ഉഥ്മാന്റെ പ്രത്യേകസാമീപ്യം പ്രാപിച്ച ആളായിരുന്നു. ഹിജ്റ 41-ൽ കുറച്ചു കാലത്തേക്ക് ബസ്വ്റായുടെ ഭരണാധികാരിയായിട്ടുണ്ട്. പിന്നീട് ബനൂ ഉമയ്യായുടെ ഭരണത്തിൽ വലിയ പേരാണ് ഉണ്ടാക്കിയത്. ഹദ്റത്ത് ഖാലിദ് വിജയത്തിന്റെ സന്തോഷവാർത്തയും സർക്കാരിന്റെ അഞ്ചിലൊന്ന് സ്വത്തും ഹദ്റത്ത് അബൂബക്റിന്റെ തിരുസന്നിധിയിൽ അയച്ചു. *(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 246, ദിക്റു ഫത്ഹ് ഖബ്റു അയ്നുത്തംറ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)(സയ്റുസ്സ്വഹാബ, വാല്യം 3, പേജ് 277-278, ദാറുൽഇശാഅത്ത് കറാച്ചി)(ഫുതൂഹുൽ ബുൽദാൻ മുത്തർറജിം, പേജ് 325, 346)(മർആത്തുസ്സമാൻ ഫീ തവാരീഹിൽ അഅ്യാൻ , ഭാഗം 6, പേജ് 228. ദാറുൽകുതുബുൽഇൽമിയ്യ)(താരീഖ് അത്ത്വബരി വാല്യം 3, പേജ് 169-524, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

അൻബാറും ബനൂത്തംറും യുദ്ധത്തിനു ശേഷം ഹദ്റത്ത് ഖാലിദ്, വലീദ് ബിൻ ഉഖ്ബയെ അഞ്ചിലൊന്ന് സ്വത്ത് കൊടുത്ത് വിജയത്തിന്റെ സന്തോഷവാർത്തയോടു കൂടി ഹദ്റത്ത് അബൂബക്റിന്റെ തിരുസന്നിധിയിൽ അയച്ചു. അദ്ദേഹം മദീനയിലെത്തി എല്ലാ അവസ്ഥകളും പറഞ്ഞു. പറഞ്ഞു: ഖാലിദ്, അദ്ദേഹത്തിന്റെ കല്പനകൾ അവഗണിച്ചുകൊണ്ട് ഹീറഹ് വിട്ടതും അൻബാറിന്റേയും അയനുത്തംറിന്റേയും മേൽ ആക്രമണ നടത്തിയതും അദ്ദേഹം ഹീറഹിൽ താമസിച്ചിട്ട് പൂർണമായും ഒരു വർഷം പൂർത്തിയായതുകൊണ്ടാണ്. ഹദ്റത്ത് അബൂബക്ർ(റ) അവിടെ ഹീറഹിൽ കാത്തിരിക്കണമെന്ന് നിർദേശം നല്കിയിരുന്നു. പക്ഷേ, എന്തായാലും ആ അവസ്ഥകളിൽ അതുതന്നെ നല്ലതാണെന്ന് മനസ്സിലാക്കി. ദൂമത്തുൽ ജൻദലിൽനിന്ന് ഒഴിവായി എപ്പോഴാണ് ഖാലിദിനെ സഹായിക്കാൻ ഇയാള് ഹീറഹിലെത്തുകയെന്ന് വിവരമൊന്നുമില്ലായിരുന്നു. വളരെ താമസിച്ചിരുന്നു. ഇയാള് അവിടെ എത്തുന്നുണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്റും ഇയാളിന്റെ അലംഭാവത്തിൽ വിഷമിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം മുസ്‌ലിമീങ്ങളുടെ ഉത്സാഹത്തെ നിരുത്സാഹപ്പെടുത്തുകയാണെന്നും അദ്ദേഹം ധരിച്ചു. ശത്രുക്കൾക്ക് ഇറാഖിൽ ഖാലിദ് നടത്തിയ നടപടികളെ കുറിച്ച് അറിയിപ്പുകൾ കിട്ടിക്കൊണ്ടിരുന്നുവെങ്കിൽ തീർച്ചയായും അവർ ഇയാളിന്റെ ദൗർബല്യത്തെ മുതലാക്കി മുസ്‌ലിമീങ്ങൾക്ക് കഠിനമായ നഷ്ടം വരുത്തുമായിരുന്നു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 325, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

പിന്നീടുള്ളത് ദൂമത്തുൽ ജൻദൽ യുദ്ധമാണ്. ഇതും ഹിജ്റ 12-ലാണ് നടന്നത്. ദൂമത്തുൽ ജൻദൽ, ഡമാസ്കസിൽനിന്ന് അഞ്ചുരാത്രിയും മദീനയിൽനിന്ന് 15 രാത്രിയും യാത്രാദൂരമുള്ള ഒരു നഗരമാണ്. അതായത് അന്നത്തെ കാലത്തുള്ള യാത്രാസൗകര്യമനുസരിച്ച് ശാമിലെ ഈ നഗരം മദീനയിൽനിന്ന് ഏറ്റവും അടുത്തുള്ള സ്ഥലമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ദൂമയിലേക്ക് അയച്ചിരുന്ന ഹദ്റത്ത് ഇയാള് ബിൻ ഗനമിന് നീണ്ടകാലംവരെ ശത്രുക്കളുടെ അവഹേളനം സഹിക്കേണ്ടിവന്നു. അതുകൊണ്ട് അദ്ദേഹത്തിന് ഹദ്റത്ത് ഖാലിദിനെ കാണാൻ കഴിഞ്ഞില്ല. ഹദ്റത്ത് ഖാലിദ്, വലീദ് ബിൻ ഉഖ്ബയെ അയ്നുത്തംറിന്റെ വിജയ വാർത്തയുമായി ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിൽ അയച്ചു. ഹദ്റത്ത് അബൂബക്റിന് ഇയാളിനെ കുറിച്ച് ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം വലീദ് ബിൻ ഉഖ്ബയെ ഇയാളിനെ സഹായിക്കാൻ അയച്ചു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് അവ്വലുൽ ഖുലഫാഉർറാശിദീൻ, മുഹമ്മദ് രിളാ, പേജ് 124, ദാറു അഹ്‌യാഉൽകുതുബുൽ അറബിയ്യ 1950)*

വലീദ് ബിൻ ഉഖ്ബ, ഹദ്റത്ത് ഇയാളിന്റെ അടുത്തെത്തിയപ്പോൾ കണ്ടത് അദ്ദേഹത്തെ ശത്രുക്കൾ വലയം ചെയ്തിരിക്കുന്നതും അദ്ദേഹം ശത്രുക്കളെ വലയം ചെയ്തിരിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ വഴിയും തടഞ്ഞിരിക്കുന്നു. വലീദ് ബിൻ ഉഖ്ബ ഹദ്റത്ത് ഇയാളിനോടു പറഞ്ഞു: ചില സമയങ്ങളിൽ സൈന്യത്തിന്റെ ആധിക്യത്തെക്കാളും ബുദ്ധിപരമായ കാര്യം കൂടുതൽ കാര്യക്ഷമമായിരിക്കുന്നതാണ്. അദ്ദേഹം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ അടുത്ത് സന്ദേശവാഹകനെ അയച്ചുകൊണ്ട് സഹായത്തിന് അഭ്യർഥിച്ചു. ഹദ്റത്ത് ഇയാളിന് ഖാലിദിന്റെ വാക്കുകൾ പാലിക്കാതെ നിർവാഹമില്ലായിരുന്നു. കാരണം അദ്ദേഹം ദൂമത്തുൽജന്ദലിൽ എത്തിയിട്ട് ഒരു വർഷം കഴിഞ്ഞിരുന്നു. അതുവരേയും വിജയത്തിന്റെ ഒരു രൂപവും കാണാൻ കഴിഞ്ഞില്ല. ഹദ്റത്ത് ഇയാള് അങ്ങനെതന്നെ ചെയ്തു. അദ്ദേഹത്തിന്റെ സന്ദേശവാഹകൻ സഹായം അഭ്യർഥിച്ചുകൊണ്ട് ഹദ്റത്ത് ഖാലിദിന്റെ അടുക്കലെത്തിയപ്പോൾ അയ്നുത്തംറ് കീഴടക്കി കഴിഞ്ഞിരുന്നു. അദ്ദേഹം ഹദ്റത്ത് ഇയാളിന്റെ പേരിൽ സംക്ഷിപ്ത കത്തു തയ്യാറാക്കി സന്ദേശവാഹകനെ ഉടനെത്തന്നെ തിരിച്ചയച്ചു. അങ്ങനെയെങ്കിലും അദ്ദേഹത്തിന് അല്പം ആശ്വാസം കിട്ടുമെന്ന് കരുതി. കത്തിൽ ഇങ്ങനെ എഴുതിയിരുന്നു. താങ്കൾ അല്പം കാത്തുനില്ക്കുക. യാത്ര വാഹനങ്ങൾ താങ്കളുടെ അടുക്കലെത്തുന്നുണ്ട്. അവയിൽ സിംഹങ്ങളാണ് യാത്ര ചെയ്യുന്നത്. അവയിലുള്ള വാളുകൾ മിന്നിത്തിളങ്ങുന്നുണ്ടാകും. സൈന്യങ്ങൾ കൂട്ടംകൂട്ടമായി എത്തി തുടങ്ങുന്നുണ്ടാകും. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ദൂമത്തുൽ ജൻദലിലേക്ക് പുറപ്പെട്ടതിനെ സംബന്ധിച്ച് പറയുന്നു:ഹദ്റത്ത് ഖാലിദ് ബിൻ വലീദ് അയ്നുത്തംറ് വിജയിച്ചതിനുശേഷം ഉവയിം ബിൻ കാഹിൽ അസ്‌ലമിയെ അവിടുത്തെ മേൽനോട്ടക്കാര

നായി നിയമിച്ചു. അയ്നുത്തംറിലുണ്ടായിരുന്ന തന്റെ സൈന്യവുമായി ദൂമത്തുൽ ജൻദലിലേക്ക് പുറപ്പെട്ടു. 300 മൈലുള്ള ഈ ദൂരം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് 10 ദിവസത്തെക്കാൾ കുറഞ്ഞ സമയം കൊണ്ട് താണ്ടി.

ഖാലിദ് വരുന്നുവെന്ന വിവരം കിട്ടിയപ്പോൾ അവർ തങ്ങളുടെ സുഹൃത്ഗോത്രങ്ങളെ വിളിക്കുകയുണ്ടായി. ഈ ഗോത്രങ്ങൾ തങ്ങളോടൊപ്പം മറ്റു നിരവധി ഗോത്രങ്ങളേയും കൂട്ടി ദൂമത്തുൽ ജൻദലിലെത്തി. ഒരു വർഷം മുമ്പേ ഹദ്റത്ത് സിയാദ് അവരെ ഒതുക്കുന്നതിനുവേണ്ടി വന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാളും അവർ എത്രയോ ഇരിട്ടി എണ്ണമായിട്ടുണ്ടായിരുന്നു. ദൂമത്തുൽ ജൻദലിന്റെ സൈന്യം രണ്ടു വലിയ ഭാഗമായി പിരിഞ്ഞിരുന്നു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർജിം, പേജ് 290-291) (താരീഖ് ത്വബരി, അബൂ ജഅ്ഫർ ബിൻ ജരീർ, വാല്യം 2, പേജ് 324-325, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ , അലി മുഹമ്മദ് സ്വലാബീ മുത്തർജിം ഉർദു, പേജ് 418, അൽഫുർഖാൻ ട്രസ്റ്റ് മുള്ഫർ ഗഢ്)*

സൈന്യത്തിന് രണ്ടു നേതാക്കന്മാരുമുണ്ടായിരുന്നു. ഒന്ന് ഉകയ്ദർ ബിൻ അബ്ദുൽമലിക്കും രണ്ട് ജൂദീ ബിൻ റബീഅയും. അവർക്ക് ഖാലിദ് വരുന്നുണ്ടെന്നുള്ള വിവരം കിട്ടിയപ്പോൾ അവരിൽ അഭിപ്രായഭിന്നതയുണ്ടായി. ഉകയ്ദർ പറഞ്ഞു: എനിക്ക് ഖാലിദിനെ നല്ലവണ്ണം അറിയാം. അദ്ദേഹത്തെക്കാളും സ്വീകാര്യനായ യുദ്ധത്തിൽ വേഗമുള്ള ഒരാളുമില്ല. ഖാലിദിനെ നേരിടുന്നവർ എണ്ണത്തിൽ കൂടുതലാണെങ്കിലും കുറവാണെങ്കിലും തീർച്ചയായും പരാജയപ്പെടുന്നു. നിങ്ങൾ എന്റെ അഭിപ്രായം സ്വീകരിക്കുകയും അവരുമായി രഞ്ജിപ്പിലെത്തുകയും ചെയ്യുക. പക്ഷേ, അവർ അതു നിരാകരിച്ചു. അപ്പോൾ ഉകയ്ദർ പറഞ്ഞു: ഖാലിദിനെതിരെ പോരാടുന്നതിൽ എനിക്ക് നിങ്ങളോടൊപ്പം നില്ക്കാൻ സാധ്യമല്ല. നിങ്ങളും നിങ്ങളുടെ പ്രവൃത്തിയും എന്തെങ്കിലും ആയിക്കൊള്ളുക. ഇതുംപറഞ്ഞ് അദ്ദേഹം അവിടെനിന്നുപോയി. ആ വിവരം ഹദ്റത്ത് ഖാലിദിന് ലഭിച്ചു. അദ്ദേഹം അവരുടെ വഴിതടയുന്നതിനുവേണ്ടി ആസിം ബിൻ അംറിനെ അയച്ചു. രഞ്ജിപ്പ് സമ്മതിച്ചിരുന്നില്ല. പ്രത്യുത അവിടെ നിന്ന് വിട്ടുപോയി. തന്റെ നാട്ടിലേക്ക് പോകുകയായിരുന്നു. ആസിം പോയി ഉകയ്ദറിനെ പിടിച്ചു. നിങ്ങളെന്നെ നിങ്ങളുടെ അമീർ ഖാലിദിന്റെ അടുക്കൽ കൊണ്ടുപോകാൻ അയാൾ പറഞ്ഞു. അയാളെ ഖാലിദിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം ഉകയ്ദറിനെ വധിപ്പിച്ചു. അയാളുടെ എല്ലാ വസ്തുക്കളും പിടിച്ചെടുക്കുകയും ചെയ്തു. *(താരീഖ് ത്വബരി, അബൂ ജഅ്ഫർ ബിൻ ജരീർ, വാല്യം 2, പേജ് 325, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഇപ്പോഴുണ്ടാകുന്ന ചോദ്യം ഉകയ്ദറിനെ തടവിലാക്കിയതിനുശേഷം എന്തിനാണ് വധിച്ചതെന്നതാണ്. അതിനു കാരണം ഇങ്ങനെ പറയുന്നു: ഹദ്റത്ത് ഖാലിദിനെ തബൂക് യുദ്ധത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി, ഉകയ്ദറിന്റെ ഭാഗത്ത് അയച്ചിരുന്നു. അദ്ദേഹം അയാളെ പിടിച്ച് നബി(സ)തിരുമേനിയുടെ അടുത്തു കൊണ്ടുവന്നു. നബി(സ)തിരുമേനി അയാളെ ഔദാര്യപൂർവം വിട്ടയച്ചു. അയാളെക്കൊണ്ട് അന്നു ഉടമ്പടി എഴുതിക്കുകയും ചെയ്തിരുന്നു. എന്നാൽ, അയാൾ ഉടമ്പടി ലംഘിച്ചുകൊണ്ട് മദീനയിലെ ഭരണത്തിന്നെതിരിൽ കലാപമുണ്ടാക്കി.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 327-328, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

ഹദ്റത്ത് ഖാലിദ് ദൂമത്തുൽ ജൻദലിൽ എത്തുന്നുവെന്ന് ഉകയ്ദർ അറിഞ്ഞപ്പോൾ തന്റെ ജനതയെ ഉപേക്ഷിച്ചുപോകുകയാണുണ്ടായത്. ഹദ്ത്ത് ഖാലിദിന് ദൂമത്തുൽ ജൻദലിലേക്കുള്ള വഴിയിൽവെച്ച് അയാളെ കുറിച്ച് വിവരം കിട്ടിയപ്പോൾ നേരത്തെ പറഞ്ഞുവന്നതുപോലെ അദ്ദേഹം ആസിം ബിൻ അംറിനെ, അയാളെ പിടിച്ചുകൊണ്ടുവരാൻ അയക്കുകയുണ്ടായി. അദ്ദേഹം അയാളെ ബന്ധനസ്ഥനാക്കുകയും അയാളുടെ പഴയകാല വഞ്ചനകാരണം ഹദ്റത്ത് ഖാലിദ് അയാളെ വധിക്കാൻ കല്പിക്കുകയും അങ്ങനെ അയാളെ വധിക്കുകയും ചെയ്തു. അയാളുടെ വഞ്ചനയും ചതിയും കാരണം അല്ലാഹു അയാളെ നശിപ്പിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് സ്വലാബീ മുത്തർജിം, പേജ് 419)*

ചില നിവേദനങ്ങളിൽനിന്ന് അയാളെ ബന്ധനസ്ഥനാക്കി മദീനയിലേക്ക് അയച്ചുവെന്നും ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ അയാളെ മോചിപ്പിച്ചുവെന്നും അയാൾ മദീനയിൽനിന്ന് ഇറാഖിലേക്ക് പോയെന്നും അവിടെ അയ്നുത്തംറിന്റെ പ്രദേശമായ ദൂമയിൽത്തന്നെ ശഷ്ടകാലം ജീവിച്ചുവെന്നും മനസ്സിലാകുന്നുണ്ട്. ഇങ്ങനെ രണ്ടു നിവേദനങ്ങൾ കാണപ്പെടുന്നുണ്ട്. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 328, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ)*

ദൂമക്കാരുമായുള്ളയുദ്ധത്തെ സംബന്ധിച്ചെഴുതുന്നു: ഹദ്റത്ത് ഖാലിദ് മുന്നോട്ടു ഗമിച്ച് ദൂമയിലെത്തി. ഹദ്റത്ത് ഖാലിദ് ദൂമയെ തന്റേയും ഹദ്റത്ത് ഇയാളിന്റെ സൈന്യത്തിന്റേയും ഇടയിലാക്കി. അറേബ്യയിലെ ക്രിസ്ത്യാനികൾ ദൂമക്കാരെ സഹായിക്കാൻ മുന്നോട്ടുവന്നു. അവർ കോട്ടയുടെ വശങ്ങളിൽ പുറത്തുഭാഗത്താണുണ്ടായിരുന്നത്. കാരണം കോട്ടയ്ക്കുള്ളിൽ അവർക്കു നില്ക്കാൻ സ്ഥലമുണ്ടായിരുന്നില്ല. ഹദ്റത്ത് ഖാലിദ്(റ) സമാധാനത്തോടെ സൈന്യത്തെ ക്രമീകരിച്ചു കഴിഞ്ഞപ്പോൾ ദൂമായിലെ നേതാക്കന്മാർ കോട്ടയിൽനിന്ന് പുറത്തിറങ്ങി ഹദ്റത്ത് ഖാലിദിനുമേൽ ആക്രമണം നടത്തി. ഇരു കക്ഷികളും തമ്മിൽ പൊരിഞ്ഞ പോരാട്ടം നടന്നു. അവസാനം ഹദ്റത്ത് ഖാലിദും ഹദ്റത്ത് ഇയാളും എതിരാളികളെ പരാജയപ്പെടുത്തി. ഹദ്റത്ത് ഖാലിദ് ഒരു സർദാറായ ജൂദിയേയും ഹദ്റത്ത് അഖ്റഅ് ബിൻ ഹാബിസ് കലിബ് ഗോത്രത്തിന്റെ സർദാറായിരുന്ന വദീആയേയും കസ്റ്റഡിയിലെടുത്തു. മറ്റുള്ളവർ ക്ഷീണിതരായി കോട്ടയ്ക്കുള്ളിൽത്തന്നെ തങ്ങി. പക്ഷേ, കോട്ടയ്ക്കുള്ളിൽ സ്ഥലം അധികമുണ്ടായിരുന്നില്ല. കോട്ട നിറഞ്ഞപ്പോൾ അകത്തുണ്ടായിരുന്നവർ ഒരുപാടാളുകളെ പുറത്തയച്ച് വാതിലുകളടച്ചു. അതുകാരണം പുറത്തു വന്നവർ വളരെ അസ്വസ്ഥരായിരുന്നു. ആസിം ബിൻ അംറ് പറഞ്ഞു: 'തമീം ഗോത്രക്കാരേ! നിങ്ങളുടെ സുഹൃത്ത് ഗോത്രമായ കലബിനെ സഹായിക്കുവിൻ. അവർക്കു സംരക്ഷണം നല്കുവിൻ. എന്തുകൊണ്ടെന്നാൽ പിന്നീടൊരിക്കലും അവരെ ഇങ്ങനെ സഹായിക്കാൻ നിങ്ങൾക്കു അവസരം കിട്ടുന്നതല്ല.' ഇതുകേട്ട് തമീം ഗോത്രക്കാർ അവരെ സഹായിച്ചു. ആ ദിവസം ആസിം അഭയം നല്കിയ കാരണത്താൽ കലിബ് ഗോത്രത്തിന്റെ ജീവൻ രക്ഷപ്പെട്ടു. പരാജയപ്പെട്ട് കോട്ടയിൽ പോയ ആളുകളെ ഹദ്റത്ത് ഖാലിദ് പിന്തുടർന്നു. എത്രയാളുകൾ വധിക്കപ്പെട്ടെന്നാൽ അവരുടെ മൃതശരീരങ്ങൾകൊണ്ട് വാതിലുകൾ തുറക്കാൻ പറ്റാത്ത അവസ്ഥയിലായി. തുടർന്ന് ജൂദിയേയും അയാളുടെ കൂടെയുണ്ടായിരുന്ന ബന്ദികളേയും വധിക്കുകയുണ്ടായി. കലിബ് ഗോത്രത്തിലെ ബന്ദികൾ മാത്രം രക്ഷപ്പെട്ടു. കാരണം ആസിമും അഖ്റഅ്ഉം തമീം ഗോത്രക്കാരും പറഞ്ഞിരുന്നു, തങ്ങൾ അവർക്ക് അഭയം നല്കിയെന്ന്! പിന്നീട് ഹദ്റത്ത് ഖാലിദ് കോട്ടയ്ക്കു ചുറ്റും തുടർച്ചയായി കറങ്ങിക്കൊണ്ടിരുന്നു. അങ്ങനെ കോട്ട തകർത്ത് ശ്വാസമെടുത്തു. മുസ്‌ലിമീങ്ങൾ ഗുഹയ്ക്കുള്ളിൽ തള്ളക്കയറി. പോരാളികളെ കൊല്ലുകയും യുവാക്കളെ ബന്ദികളാക്കുകയും ചെയ്തു. *(താരീഖ് ത്വബരി, അബൂ ജഅ്ഫർ ബിൻ ജരീർ, വാല്യം 2, പേജ് 325, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

വിജയത്തിനുശേഷം ഹദ്റത്ത് ഖാലിദ് അഖ്റഅ് ബിൻ ഹാബിസിനോടു അൻബാറിൽ തിരിച്ചുപോകാൻ കല്പിച്ചു. സ്വയം ദൂമത്തിൽ ജൻദലിൽ താമസിക്കുകയും ചെയ്തു.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർജിം, പേജ് 293)*

ദൂമത്തുൽ ജൻദൽ യുദ്ധവിജയത്തോടെ മുസ്‌ലിമീങ്ങൾക്ക് യുദ്ധപരമായ നിലയിൽ വലിയ സ്ഥാനം കൈവന്നു. കാരണം ദൂമത്തുൽ ജൻദൽ എങ്ങനെയുള്ള സ്ഥലത്താണുള്ളതെന്നാൽ അവിടെനിന്ന് മൂന്നു വശങ്ങളിലേക്ക് പ്രധാനപ്പെട്ട വഴികൾ പുറപ്പെടുന്നു. തെക്കുഭാഗത്ത് ദ്വീപുപോലുള്ള അറേബ്യാ, വടക്ക് കിഴക്ക് ഇറാഖ്, വടക്കു പടിഞ്ഞാറ് ശാമും സ്ഥിതി ചെയ്യുന്നു. സ്വാഭാവികമായും ഈ പട്ടണം ഹദ്റത്ത് അബൂബക്റിന്റേയും അദ്ദേഹത്തിന്റെ സൈന്യത്തിന്റേയും ശ്രദ്ധാകേന്ദ്രമായിരുന്നു. ഈ സൈന്യം ഇറാഖിൽ പൊരുതുകയും ശാമിന്റെ അതിർത്തിയിൽ നില്ക്കുകയുമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഹദ്റത്ത് ഇയാള് ദൂമത്തുൽ ജൻദലിൽനിന്ന് ഇളകാതിരുന്നത്. പ്രത്യുത അവിടെ പോരാടിക്കൊണ്ടിരുന്നു. ഹദ്റത്ത് ഖാലിദ് അവിടെ എത്തുന്നതും കാത്തുനിന്നു. ദൂമത്തുൽ ജൻദൽ മുസ്‌ലിമീങ്ങളുടെ കൈയിൽ വന്നില്ലായിരുന്നെങ്കിൽ ഇറാ

ഖിൽ മുസ്‌ലിം സൈന്യത്തിന് അതു ഭീഷണിയാകുമായിരുന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് സ്വലാബീ മുത്തർറജിം, പേജ് 419-420)*

പിന്നീട് ഹസ്വീദ് യുദ്ധത്തേയും ഖനാഫസ് യുദ്ധത്തേയും കുറിച്ചുള്ള സ്മരണയാണ്. ഹസ്വീദ് കൂഫയ്ക്കും ശാമിനുമിടയിലുള്ള ഒരു ചെറിയ താഴ്‌വരയാണ്. ഖനാഫസ് ഇറാഖിന്റെ ഭാഗത്ത് അൻബാറിന് അടുത്തുള്ള ഒരു സ്ഥലമാണ്. എഴുതിയിരിക്കുന്നു, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ദൂമത്തുൽ ജൻദലിൽ താമസിക്കുകയായിരുന്നു. അനറബികൾ തുടർച്ചയായി ഖാലിദിനെതിരിൽ, മുസ്‌ലിമീങ്ങൾക്കെതിരിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വ്യാപൃതരായിരുന്നു. ഉഖ്ബയോടു പകരം വീട്ടിയതിലുള്ള ആവേശത്തിൽ ദ്വീപുവാസികളായ അറബികൾ അജമികളുമായി ഗൂഢാലോചന നടത്തിയിരുന്നു. അങ്ങനെ ബഗ്ദാദിൽനിന്ന് സർമഹ്റും അയാളോടൊപ്പം റോസ്ബയും അൻബാറിലേക്ക് പുറപ്പെട്ടു. ഇരുവരും ഹസ്വീദിലും ഖനാഫിസിലും വെച്ച് കാണാമെന്ന് വാഗ്ദാനം ചെയ്തു. ഹീറഹിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ ഉപനായകൻ ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറ് ഈ വാർത്ത കേട്ടപ്പോൾ അഅ്ബുദ് ബിൻ ഫിദ്ക്കിയോടു ഹസ്വീദിലെത്താൻ കല്പിച്ചു. ഉർഫാ ബിൻ ജഅ്ദിനെ ഖനാഫിസിലേക്ക് പറഞ്ഞുവിട്ടു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ദൂമയിൽനിന്ന് ഹീറഹിലേക്ക് മടങ്ങിയെത്തി. അപ്പോൾ അദ്ദേഹത്തിനും ഈ വിവരം കിട്ടി. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ പദ്ധതി മദാഇനുമേൽ ആക്രമണം നടത്താനായിരുന്നു. എന്നാൽ, ഇവിടെയെത്തി ഈ വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ അവിടന്ന് റോസ്ബയുമായും സർമഹ്റുമായും പോരാടാൻ ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറിനേയും അബൂലയ്‌ലായേയും അയച്ചു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ഉമറുൽഖയ്സ് കൽബിയുടെ കത്തു വന്നു. ഇദ്ദേഹം ഖുളാഅ ഗോത്രത്തിന്റേയും കലിബ് ഗോത്രത്തിന്റേയുമേൽ നബി[സ]തിരുമേനിയുടെ ഉദ്യോഗസ്ഥരായിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് ഇദ്ദേഹം ഇസ്‌ലാമിൽ അടിയുറച്ചു നിന്നു. അദ്ദേഹത്തിന്റെ കത്താണ് വന്നത്. ഹുദയ്ൽ ബിൻ ഇംറാൻ മുസ്വയ്ഖിലും റബീഅ ബിൻ ബുജയ്ർ, ഥനായിലും ബിശ്റിലും സൈന്യത്തെ വിന്യസിച്ചിരിക്കുന്നു. ഈ ആളുകൾ ഉഖ്ബയോടു ചെയ്തതിനു പകരം വീട്ടുന്നതിനുള്ള ആവേശത്തിലാണ്. റോസ്ബയുടേയും സർമഹ്റിന്റേയും അടുത്ത് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതറിഞ്ഞുടനെ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഹീറഹിൽ ഹ്ദറത്ത് ഇയാള് ബിൻ ഗനമിനെ പിൻഗാമിയായി നിശ്ചയിച്ചുകൊണ്ട് അവിടെനിന്ന് പുറപ്പെട്ടു. അദ്ദേഹം ഖനാഫസിലേക്ക് പോകുന്നതിന് ഖഅ്ഖാഉം അബൂലയ്‌ലായും പോയ അതേ വഴി തന്നെയാണ് സ്വീകരിച്ചത്. അദ്ദേഹം അയ്നുത്തംറിൽ ഇരുവരേയും കണ്ടുമുട്ടി. അദ്ദേഹം ഖഅ്ഖായെ സൈന്യധിപനാക്കി ഹസ്വീദിലേക്കും അബൂലയ്‌ലായെ ഖനാഫസിലേക്കും പറഞ്ഞയച്ചു. അവർ രണ്ടു പേരോടും ഇങ്ങനെ കല്പിച്ചു:ശത്രുക്കളേയും അവരെ പ്രേരിപ്പിക്കുന്നവരേയും ബന്ദികളാക്കി ഒരിടത്ത് കൂട്ടുക. അവർ ഒന്നിച്ചുകൂടുന്നില്ലെങ്കിൽ അതേ അവസ്ഥയിൽത്തന്നെ അവരെ ആക്രമിക്കുക. സർമഹ്റും റോസ്ബഹും അനങ്ങുന്നില്ലെന്ന് കണ്ടപ്പോൾ ഹദ്റത്ത് ഖഅ്ഖാഅ് ഹസ്വീദിലേക്ക് നീങ്ങി. ഇവിടെ അറബികളുടേയും അനറബികളുടേയും നേതാവ് റോസബയായിരുന്നു. ഖഅ്ഖാഅ് തന്റെ അടുത്തുവരുന്നുവെന്ന് അയാൾ കണ്ടപ്പോൾ സർമഹ്റിനോടു സഹായം തേടി. സർമഹർ തന്റെ സൈന്യത്തിനുമേൽ ഉപനായകനെ നിശ്ചയിച്ചു. താൻതന്നെ നേരിട്ട് റോസ്ബയെ സഹായിക്കുന്നതിനുവേണ്ടി വന്നു. ഹസ്വീദിൽ ഇരുവിഭാഗവും തമ്മിൽ പോരാട്ടം നടന്നു. ഘോരമായ യുദ്ധമാണ് നടന്നത്. അല്ലാഹു വൻതോതിൽ അജമികളെ ഉന്മൂലനം ചെയ്തു. സർമഹ്റിനെ ഖഅ്ഖാഅ് വധിച്ചു. റോസ്ബായും വധിക്കപ്പെട്ടു. ഈ യുദ്ധത്തിൽ ഒരുപാടു യുദ്ധമുതലുകൾ മുസ്‌ലിമീങ്ങൾക്കു ലഭിച്ചു. ഹസ്വീദിലെ ഓടിപ്പോയ ആളുകൾ ഖനാഫസിൽച്ചെന്ന് സംഘടിച്ചു. ഖനാഫസ് യുദ്ധത്തെ കുറിച്ചെഴുതിയിരിക്കുന്നു: അബൂലയ്‌ലാ തന്റെ സൈന്യവും തനിക്കു കിട്ടിയ സഹായ സേനയുമായി ഖനാഫസിലേക്ക് പോയി. ഹസ്വീദിലെ പരാജയമടഞ്ഞ സൈന്യം സർമഹ്റിന്റെ ഉപനായകന്റെ അടുക്കലെത്തി. മുസ്‌ലിമീങ്ങൾ വരുന്നുണ്ടെന്ന് അയാൾ അറിഞ്ഞപ്പോൾ ഖനാഫസ് ഉപേക്ഷിച്ച് എല്ലാവരോടുമൊപ്പം മുസ്വയ്ഖിലേക്ക് ഓടിപ്പോയി. അവിടുത്തെ ഓഫീസർ ഹുദയ്‌ലായിരുന്നു. ഖനാഫസിന്റെ വിജയത്തിനു അബൂലയ്‌ലാക്ക് ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. ഈ എല്ലാ വജയങ്ങളുടേയും വിവരം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സന്നിധിയിൽ അയക്കപ്പെട്ടു. *(താരീഖ് ത്വബരി, വാള്യം 2, പേജ് 325-326, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (മുഅ്ജമുൽ ബുൽദാൻ, വാള്യം 2, പേജ് 307-446)(അൽകാമിൽ ഫിത്താരീഖ്, വാള്യം 2. പേജ് 205, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

മുസ്വയ്ഖ് യുദ്ധം. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ഹസ്വീദുകാരും ഖനാഫസുകാരും ഓടിപ്പോയിരിക്കുന്നുവെന്ന വിവരം കിട്ടി. അപ്പോൾ അദ്ദേഹം ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറിനും അബൂലയ്‌ലാ അഅ്ബുദിനും ഉർവാക്കും ഒരു കത്തെഴുതി. അതിൽ അദ്ദേഹം ഒരുരാത്രിയും ഒരുനേരവും നിശ്ചയിച്ച് മുസ്വയ്ഖിൽ എത്താമെന്ന് വാഗ്ദാനം ചെയ്തു. മുസ്വയ്ഖ്, ഹൗറാനും ഖില്ലത്തിനും ഇടയിലുള്ള സ്ഥലമാണ്. ഹൗറാനും ഡമാസ്കസിന് അടുത്തുള്ള ഒരു വിശാലമായ പ്രദേശമാണ്. അവിടെ ഒരുപാട് നാടുകളും വയലുകളുമുണ്ട് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ബനുത്തംറിൽനിന്ന് മുസ്വയ്ഖിലേക്ക് പുറപ്പെട്ടു. നിശ്ചിത രാത്രിയുടെ പിന്നിട്ട നേരമനുസരിച്ച് ഹദ്റത്ത് ഖാലിദ് ബിൻ വലീദും അദ്ദേഹത്തിന്റെ ഓഫീസർമാരും മുസ്വയ്ഖിനുമേൽ മിന്നൽ ആക്രമണം നടത്തി. ഹുദയ്‌ലിന്റേയും അയാളുടെ സൈന്യത്തിന്റേയും എല്ലാ അഭയാർഥികളുടേയുംമേൽ മൂന്നു ഭാഗത്തുനിന്ന് ആക്രമണം നടത്തി. ഹുദയ്ൽ കുറച്ചാളുകളോടൊപ്പം ജീവൻ രക്ഷിച്ച് ഓടിപ്പോയി. *(താരീഖ് ത്വബരി, വാള്യം 2, പേജ് 326, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 109, സവാർ അക്കാഡമി, കറാച്ചി)*

ഈ യുദ്ധത്തിന്നിടയിൽ മുസ്വയ്ഖിലുണ്ടായിരുന്ന രണ്ടു മുസ്‌ലിമീങ്ങൾ ഇസ്‌ലാമിക സൈന്യത്തിന്റെ കൈയാൽ വധിക്കപ്പെട്ടു. അവരുടെ കൈയിൽ ഹദ്റത്ത് അബൂബക്ർ[റ]എഴുതിക്കൊടുത്ത് അഭയപത്രവുമുണ്ടായിരുന്നു. അവർ വധിക്കപ്പെട്ട വിവരം ഹദ്റത്ത് അബൂബക്ർ[റ]ന് കിട്ടിയപ്പോൾ അദ്ദേഹം അതിന് രക്തവില നല്കി. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് അദ്ദേഹത്തിന്റെ ഈ ചെയ്തിക്ക് ശിക്ഷ നല്കണമെന്ന് ഹദറത്ത് ഉമർ[റ]വാശിപിടിച്ചു. എന്തിനാണ് മുസ്‌ലിമീങ്ങളെ കൊന്നതെന്ന് പറഞ്ഞ് ഹദ്റത്ത് ഉമർ[റ]പൂർണാവേശത്തിലായിരുന്നു. പക്ഷേ, ഹദ്റത്ത് അബൂബക്ർ[റ]പറഞ്ഞു: ഏതൊരു മുസ്‌ലിമാണോ ശത്രുവിന്റെ മണ്ണിൽ ശത്രുവിനോടൊപ്പം താമസിക്കന്നത് അവർക്ക് ഇത്തരത്തിലുള്ള അവസ്ഥകളുണ്ടാകുക വലിയ കാര്യമൊന്നുമല്ല. ഇങ്ങനെ ഉണ്ടാകുന്നതാണ്. എങ്കിലും ഹദ്റത്ത് അബൂബക്ർ[റ] അദ്ദേഹത്തിന്റെ മക്കളുടെ പരിപാലനത്തെ സംബന്ധിച്ചും അവരെ ശ്രദ്ധിക്കേണ്ടതിനെ സംബസംബന്ധിച്ചും വസ്വിയ്യത്തു ചെയ്തു. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഹയ്ക്കിൽ, പേജ് 311)(താരീഖ് ത്വബരി, വാള്യം 2, പേജ് 327, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഥനായുടേയും സമീലിന്റേയും സംഭവം. സമീൽ ഒരു സ്ഥലമാണ്. ബിശ്ർ

ത്വാലിബെ ദുആ



**SABIR BURQA HOUSE**

ALL TYPES OF READYMADE BURQA

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

**CIVIL LINES ROAD, OPP.FOUR STORY QADIAN**

CONTACT NO: 98884 45694 (SABIR AHMAD)

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽ നിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**

**Ahmadiyya Jama-ath Vaniyambalam, Kerala**

എന്നും അതിനു പേരുണ്ട്. ഇത് ഥനാ
എന്ന സ്ഥലത്തോടു ചേർന്നു കിടക്കു
ന്നു. അയ്നുത്തംറ് യുദ്ധത്തിൽ ഉഖ്ഖ
വധിക്കപ്പെട്ടിരുന്നു. അതിന്റെ പ്രതികാരാ
വേശത്താൽ റബീഅ ബിൻ ബുജയ്ർ
തന്റെ സൈന്യത്തോടൊപ്പം ഥനായിലും
ബിശ്റിലും ഇറങ്ങി. ഹദ്റത്ത് ഖാലിദ്(റ)
മുസ്വയ്ഖിലെ യുദ്ധ നടപടി നിറുത്തി
ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറിനേയും
അബൂലയ്ലായേയും തനിക്കുമുമ്പേ പറ
ഞ്ഞുവിട്ടു. ഒരു രാത്രി നിശ്ചയിച്ച് നമ്മളെ
ല്ലാവരും മുസ്വയ്ഖിൽ ചെയ്തതുപോലെ
ഇവിടേയും മൂന്നു വിവിധ ഭാഗത്തുനിന്ന്
ശത്രുവിന്റെ മേൽ ആക്രമണം നടത്തുന്ന
താണെന്ന് തീരുമാനിച്ചു. അതിനുശേഷം
ഹദ്റത്ത് ഖാലിദ്(റ)മുസ്വയ്ഖിൽനിന്ന് പുറ
പ്പെട്ട് വിവിധ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച്
സമീലിൽ എത്തി. ഹദ്റത്ത് ഖാലിദ്(റ)
ഥനായിൽനിന്ന് തുടക്കം കുറിച്ചു. ഇവിടെ
അദ്ദേഹത്തിന്റെ രണ്ടുകൂട്ടുകാരും അദ്ദേ
ഹത്തോടൊപ്പം ചേർന്നു. ഇവർ മൂവരും
രാത്രിനേരത്ത് മൂന്ന് ഭാഗത്തുനിന്നും റബീ
ആയുടെ സൈന്യത്തിനുമേലും വളരെ
ആവേശത്തോടെ യുദ്ധം ചെയ്യാൻ വന്ന
വരുടെമേലും ആക്രമണം നടത്തി. ഓടി
പ്പോയി ആരെയെങ്കിലും വിവരം അറിയി
ക്കാനുള്ള അവസരംപോലും അവർക്ക്
ന്ലകിയില്ല. ആ രീതിയിലാണ് ആക്രമണം
നടത്തിയത്. അവരുടെ സ്ത്രീകൾ തടവു
കാരാക്കപ്പെട്ടു. ബയ്ത്തുൽമാലിന്റെ ഭാഗം
ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിൽ
അയക്കപ്പെട്ടു. ബാക്കിയുള്ള യുദ്ധമുതലു
കൾ മുസ്ലിം സൈന്യത്തിൽ വീതിക്കപെ
ടുകയും ചെയ്തു. മുസ്വയ്ഖ് യുദ്ധത്തിലും
പരാജയമടഞ്ഞ് ജീവൻ രക്ഷപ്പെടുത്തിയ
ഹുദയ്ലും വാഗ്ദാനമനുസരിച്ച് റബീഅ
ബിൻ ബുജയ്റിന്റെ സൈന്യത്തിൽ പങ്കെ
ടുത്തു. ഇപ്പോൾ അയാൾ വീണ്ടും ഓടി
സമീലിൽ ഇത്താബിന്റെ അടുത്ത് അഭയം
തേടി. ഇത്താബ് ഒരു വൻസൈന്യത്തോ
ടുകൂടി ബിശ്റിൽ നിലകൊള്ളുകയായി
രുന്നു. അയാൾക്ക് റബീആയുടെ പര്യ
വസാനത്തിന്റെ വിവരം കിട്ടുന്നതിനു
മുമ്പേ ഹദ്റത്ത് ഖാലിദ്(റ) അയാളുടെ
മേലും മൂന്നു ഭാഗത്തുനിന്നും ആക്രമണം
നടത്തി. ഈ യുദ്ധനടപടിയിലും ധാരാള
മാളുകൾ വധിക്കപ്പെട്ടു. അസംഖ്യം യുദ്ധ
മുതലുകൾ മുസ്ലിമീങ്ങളുടെ കൈയിൽവ
ന്നു. ഹദ്റത്ത് ഖാലിദ് യുദ്ധമുതലുകൾ
മുസ്ലിമീങ്ങളിൽ വീതിച്ചു. അതിന്റെ അഞ്ചി
ലൊരു വിഹിതം ഹദ്റത്ത് അബൂബക്ർ(റ)
ന്റെ സന്നിധിയിൽ അയക്കുകയും ചെയ്തു.
ഹദ്റത്ത് ഖാലിദ് ബിശ്റിനടുത്തുള്ള ഒരു
സ്ഥലമായ രിളാബിലേക്ക് തിരിഞ്ഞു. അവി
ടുത്തെ ഓഫീസർ ഹിലാൽബിൻ ഉഖ്ഖ
ആയിരുന്നു. അയാളുടെ സൈന്യത്തിന്
ഹദ്റത്ത് ഖാലിദിന്റെ സൈന്യം വരുന്നവി
വരം ലഭിച്ചപ്പോൾ അയാൾ അതിൽനിന്ന്
വേർപിരിഞ്ഞു. നിർബന്ധിതനായി ഹിലാൽ
അവിടെനിന്ന് ഓടിപോയി. മുസ്ലിമീങ്ങൾ
ഒരു വിഷമവും കൂടാതെ രിളാബിനെ തങ്ങ
ളുടെ കീഴിലാക്കി. 24. *(താരീഖ് ത്വബരി,*
*വാല്യം 2, പേജ് 327-328, ദാറുൽകുതു*
*ബുൽഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽ*
*ബുൽദാൻ വാല്യം 3, പേജ് 170 ദാറുൽകു*
*തുബുൽഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് ഫറാള് യുദ്ധത്തെ കുറിച്ച് വരു
ന്നു. ബസ്റയ്ക്കും യമാമയ്ക്കുമിടയിലുള്ള
ഒരു സ്ഥലത്തിന്റെ പേരാണ് ഫറാള്. ശാം,
ഇറാഖ്, അൽജീരിയ, ഇവയുടെ വഴികൾ
ഇവിടെയാണ് വന്നു ചേരുന്നത്. മുസ്ലിമീ
ങ്ങളും റോമക്കാരും തമ്മിലുള്ള ഈ യുദ്ധം
ഹിജ്റ 12 ന് ദുൽഖഅ്ദ് മാസത്തിൽ ഫറാള്
എന്ന സ്ഥലത്തുവെച്ച് നടന്നു. ഈ നില
യ്ക്കാണ് ഇത് ഫറാള് യുദ്ധം എന്ന പേ
രിൽ അറിയപ്പെടുന്നത്. റോസാബ കീഴ
ടക്കിക്കൊണ്ട് ഹദ്റത്ത് ഖാലിദ് ബിൻ
വലീദ്(റ) ഫറാളിലെത്തിച്ചേർന്നു. ഹദ്റത്ത്
ഖാലിദ് ബിൻ വലീദിന് ഈ യാത്രയിൽ
ഒട്ടേറെ യുദ്ധങ്ങൾ അഭിമുഖീകരിക്കേണ്ടി
വന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്
റമളാൻ മാസത്തിൽ നോമ്പെടുക്കാൻ
പോലും കഴിഞ്ഞില്ല. ഖാലിദിന്റെ മിന്നൽ
ആക്രമണത്തേയും ഗോത്രങ്ങളുടെ നിസ്സ
ഹായതയേയും സംബന്ധിച്ച വാർത്തകൾ
ഇറാഖിലും പ്രചരിച്ചിരുന്നു. മണലാരണ്യ
ങ്ങളിൽ താമസിച്ചിരുന്ന ഗോത്രങ്ങൾ പ
രിഭ്രാന്തരായി. മുസ്ലിമീങ്ങൾക്ക് കീഴട
ങ്ങുകയും അവരോടുള്ള അനുസരണം
അംഗീകരിക്കുകയും ചെയ്യുന്നതാണ് ത
ങ്ങൾക്ക് നല്ലതെന്ന് അവർ മനസ്സിലാക്കി.
ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) തന്റെ
സൈന്യത്തോടൊപ്പം യൂഫ്രട്ടീസ് നദി
യോടു ചേർന്നുള്ള വടക്കൻ പ്രദേശങ്ങ
ളിലേക്കും മുന്നേറ്റം നടത്താൻ തുടങ്ങി.
അദ്ദേഹം എത്തുന്നിടത്തെല്ലാം അവിടുത്തെ
വാസികൾ അദ്ദേഹവുമായി രഞ്ജിപ്പിലെ
ത്തുകയും അദ്ദേഹത്തെ അനുസരിക്കാ
മെന്ന് ഏറ്റുപറയുകയും ചെയ്യുമായിരുന്നു.
ഒടുവിൽ ശാം ഇറാഖ് അൽജീരിയ എന്നീ
രാജ്യങ്ങളുടെ അതിർത്തികൾ സംയോജി
ക്കുന്ന ഫറാള് എന്ന പ്രദേശത്ത് അദ്ദേഹം
വന്നെത്തി. ഇറാഖിന്റേയും ശാമിന്റേയും
വടക്കെ തലയ്ക്കലാണ് ഫറാള് എന്ന
സ്ഥലം സ്ഥിതിചെയ്യുന്നത്. ഇയാള് ബിൻ
ഗനമിനെ ഭാഗ്യം പിന്തണയ്ക്കുകയും
അദ്ദേഹം തുടക്കത്തിലെ ദൂമത്തുൽ ജൻദൽ
എന്ന പ്രദേശം കീഴടക്കുകയും ചെയ്തി
രുന്നെങ്കിൽ ഖാലിദ് മിക്കവാറും ഇവിടെ
വരെ എത്തുമായിരുന്നില്ല. എന്തെന്നാൽ
ഇറാഖും ശാമും മുഴുവനായി പിടിച്ചടക്കാൻ
ഹദ്റത്ത് അബൂബക്ർ(റ) ഉദ്ദേശിച്ചിരുന്നില്ല.
അറേബ്യയുമായ ചേർന്നുകിടക്കുന്ന രണ്ടു
രാജ്യങ്ങളുടേയും അതിർത്തികളിൽ സമാ
ധാനം സ്ഥാപിക്കപ്പെടുകയും ഈ ഭാഗങ്ങ
ളിലൂടെ ഇറാനികൾക്കും റോമക്കാർക്കും
അറേബ്യയെ ആക്രമിക്കാൻ കഴിയാതാവു
കയും ചെയ്യണമെന്നേ അദ്ദേഹം ആഗ്രഹി
ച്ചുള്ളു. എന്നാൽ, രണ്ടു ഭരണകൂടങ്ങളും
മുസ്ലിമീങ്ങളുടെ കീഴിൽ വരണമെന്ന
തായിരുന്നു ദൈവഹിതം! അതുകൊണ്ട്
അല്ലാഹു അതിനുള്ള സാഹചര്യമൊരുക്കി.
ഖാലിദ് ഇറാഖിലെ ഗോത്രങ്ങളെ കീഴട
ക്കാൻ വേണ്ടി വടക്കു ഭാഗത്തെ ഉൾപ്ര
ദേശങ്ങളിലേക്ക് പോകുകയും അങ്ങനെ
മുസ്ലിമീങ്ങൾക്ക് മേൽഭാഗത്തുനിന്നും
ശാമിനെ ആക്രമിക്കാൻ വഴി തെളിയു
കയും ചെയ്തു.

ഇറാനി അതിർത്തികളിൽ കൂടി റോമ
ക്കാരെ ആക്രമിക്കാൻ വഴി തെളിഞ്ഞു
കിട്ടുക ഒരു അത്ഭുതം തന്നെയായിരുന്നു.
ഹദ്റത്ത് അബൂബക്റും അതു ചിന്തിച്ചി
രുന്നില്ല. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞ
തുപോലെ അറബികൾക്കും അനറബി
കൾക്കും ഇന്ന് ജനിപ്പിക്കാൻ കഴിയാത്ത
ആ വ്യക്തിയുടെ കരങ്ങളാലാണ് ഈ
പ്രവൃത്തി നിറവേറിയത്. ഹദ്റത്ത് ഖാലി
ദിന് ഫറാളിൽ ഒരു മാസത്തോളം തങ്ങേണ്ടി
വന്നു. ഇവിടേയും അദ്ദേഹം അസാമാന്യ
ധൈര്യവും സ്ഥൈര്യവും സ്ഥിരചിത്തത
യുമാണ് കാഴ്ച വെച്ചത്. നാലു ഭാഗത്തു
നിന്നും ശത്രുക്കൾ അദ്ദേഹത്തെ വളഞ്ഞു.
അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി ദാഹി
ച്ചിരുന്ന ഇറാനികളായിരുന്നു കിഴക്കു ഭാഗ
ത്ത്. പടിഞ്ഞാറു ഭാഗത്ത് റോമക്കാരും.
ഇപ്പോൾ ഖാലിദിന്റെ പടയെ തുരത്താതി
രുന്നാൽ പിന്നെ ഇതിനെ തടഞ്ഞുനിറു
ത്താനാവില്ലെന്നാണ് അവർ ചിന്തിച്ചത്.
യൂഫ്രട്ടീസ് നദിമാത്രമെ റോമക്കാർക്കും
മുസ്ലിമീങ്ങൾക്കുമിടയിൽ ഉണ്ടായിരു
ന്നുള്ളു. നാലു ഭാഗത്തും ബദ്വികളായ
ഗോത്രങ്ങളായിരുന്നു വസിച്ചിരുന്നത്. തങ്ങ
ളുടെ നേതാക്കളെ വധിച്ച ഖാലിദിനോടു
അവർക്ക് അടങ്ങാത്ത പകയായിരുന്നു. ഈ
സങ്കീർണാവസ്ഥയെ കുറിച്ച് ഖാലിദിനും
ബോധ്യമുണ്ടായിരുന്നു. അദ്ദേഹത്തിനു
വേണമെങ്കിൽ ഹീറഹിൽ തിരിച്ചുപോയി
തന്റെ സൈനിക ശേഷി വർധിപ്പിച്ച് വീണ്ടും
റോമക്കാരെ നേരിടാൻ ഒരുങ്ങി വരാമാ
യിരുന്നു. അദ്ദേഹം അങ്ങനെ ചെയ്തില്ല.
എന്തെന്നാൽ ശത്രുവിനെ മുന്നിൽ കണ്ടാൽ
ഖാലിദിന് ക്ഷമിച്ചിരിക്കുക സാധ്യമല്ലായിരു
ന്നു. അദ്ദേഹത്തിന് അതാവുമായിരുന്നില്ല.
അത്തരത്തിലുള്ള പ്രകൃതമായിരുന്നു അദ്ദേ
ഹത്തിന്റേത്. അദ്ദേഹത്തിന്റെ നോട്ടത്തിൽ
ഇറാനികളും ഗ്രാമീണഗോത്രങ്ങളുമെല്ലാം
കിഴടക്കപ്പെടേണ്ടവരായിരുന്നു. അവരുടെ
മഹാസൈന്യങ്ങളെ അദ്ദേഹം മുമ്പേയും
വകവെച്ചിട്ടില്ല. ഇനി അങ്ങോട്ടു വകവെ
ക്കാൻ സന്നദ്ധനുമായിരുന്നില്ല. അതുകൊ
ണ്ടുതന്നെ വളരെ സംതൃപ്തിയോടെയാണ്
യുദ്ധത്തിനായുള്ള തയ്യാറെടുപ്പിൽ മുഴു
കിയത്. റോമക്കാരകട്ടെ ഖാലിദിനെ മുൻപ
രിചയമില്ലാത്തതിനാൽ അദ്ദേഹത്തിന്റെ
ആക്രമണോത്സുകതയെ സംബന്ധിച്ച് അ
ജ്ഞരായിരുന്നു. ഇസ്ലാമിക സൈന്യം
ഫറാളിൽ സംഘടിച്ച് ഒരു മാസത്തോളം
അവരുടെ മുമ്പിൽ തമ്പടിച്ചപ്പോൾ അവർ
ആവേശം കൊള്ളുകയും സമീപത്തെ
ഇറാനീ സൈനിക താവളത്തിൽനിന്ന് സ
ഹായം തേടുകയും ചെയ്തു.

ഇറാനികൾ വളരെ സന്തോഷത്തോടെ
റോമക്കാരെ സഹായിച്ചു. എന്തെന്നാൽ
ഇറാനികളെ നിന്ദിച്ചു നാണം കെടുത്തു
കയും അവരുടെ പ്രതാപത്തേയും ആഢ്യ
ത്തേയും തകിടം മറിച്ച് അവരുടെ അഹ
ങ്കാരത്തെ തരിപ്പണമാക്കുകയും ചെയ്തവ
രായിരുന്നു മുസ്ലിമീങ്ങൾ! ഇറാനികളെ
ക്കൂടാതെ തഗ്ലബിലേയും ഇയാദിലേയും
നംറിലെ അറബി വംശജരായ ഗോത്രങ്ങളും
റോമക്കാരെ പൂർണമായും സഹായിച്ചു.
എന്തെന്നാൽ തങ്ങളുടെ പ്രമാണിമാരും
തലവന്മാരുമായ വ്യക്തികളെ വധിച്ചത്
അവർ മറന്നിട്ടില്ലായിരുന്ന. അങ്ങനെ റോമ
ക്കാരും ഇറാനികളും അറേബ്യൻ വംശജ
രായ ഗോത്രങ്ങളുടേയും ഒരു വൻ സൈന്യം
മുസ്ലിമീങ്ങളോടു യുദ്ധം ചെയ്യാൻ പുറ
പ്പെട്ടു. യൂഫ്രട്ടീസ് നദിയുടെ അടുത്തെ

ത്തിയ അവർ 'നിങ്ങൾ നദി മുറിച്ചു കടന്ന് ഇങ്ങോട്ടു വരുമോ അതോ ഞങ്ങൾ അങ്ങോട്ടു വരണമോ' എന്ന് ആളെ വിട്ട് അന്വേഷിച്ചു. 'നിങ്ങൾ യുദ്ധത്തിനു വന്നതാണല്ലോ, നിങ്ങൾ ഞങ്ങളുടെ ഭാഗത്തേക്ക് വന്നു കൊള്ളൂ' എന്ന് ഖാലിദ് മറുപടി നല്കി. അങ്ങനെ ശത്രുസൈന്യം നദിമുറിച്ചു കടന്ന് മുസ്‌ലിമീങ്ങളുടെ ഭാഗത്ത് വരാൻ തുടങ്ങി. ഖാലിദ് അപ്പോഴേക്കും തന്റെ സൈന്യത്തിന്റെ സ്ഥാനം നല്ലവണ്ണം ഉറപ്പിച്ചു നിറുത്തി. ശത്രുക്കളോടു പൊരുതാനായി അവരെ പൂർണമായും തയ്യാറാക്കി. യുദ്ധം തുടങ്ങേണ്ട സമയം വന്നെത്തിയപ്പോൾ റോമൻ സൈന്യത്തിന്റെ സേനാപതി തന്റെ സൈന്യത്തിന് ഇങ്ങനെ കല്പന നല്കി:"ഗോത്രങ്ങളെല്ലാം വെവ്വേറെയായി മാറി നില്ക്കുക. ഏതുസംഘമാണ് മഹത്തായ സന്നാഹമൊരുക്കിയിരിക്കുന്നതെന്ന് കാണട്ടെ.'' അങ്ങനെ എല്ലാ സൈന്യങ്ങളും തങ്ങളുടെ നേതാക്കളോടൊപ്പം മാറി നിന്നു. യുദ്ധം തുടങ്ങിയപ്പോൾ ശത്രുക്കളെ നാലു ഭാഗത്തുനിന്ന് വളഞ്ഞ് അവരെ ഒരിടത്ത് സംഘടിപ്പിക്കാനും അവർക്ക് സ്വയം നിയന്ത്രിക്കാൻ അവസരം നല്കാതെ തുടരെത്തുടരെ ആക്രമണം അഴിച്ചുവിടാനും ഹദ്റത്ത് ഖാലിദ് തന്റെ സൈന്യത്തിന് ആജ്ഞ നല്കി. അതുതന്നെ സംഭവിക്കുകയും ചെയ്തു. ഇസ്‌ലാമിക സൈന്യം റോമൻ സൈന്യത്തെ വളഞ്ഞ് ഒരിടത്ത് ഒരുമിച്ചുകൂട്ടുകയും അവരെ ശക്തമായി ആക്രമിക്കുകയും ചെയ്തു. ഗോത്രങ്ങളെ വെവ്വേറെയായി മുസ്‌ലിമീങ്ങൾക്കെതിരെ നിറുത്തി യുദ്ധം നീട്ടിക്കൊണ്ടുപോകുകയും മുസ്‌ലിമീങ്ങൾ ക്ഷീണിച്ചു കഴിയുമ്പോൾ ശക്തമായ ആക്രമണം അഴിച്ചുവിട്ട് അവരെ പരാജയപ്പെടുത്താം എന്നായിരുന്നു റോമക്കാരും സിൽബന്ധികളും വിചാരിച്ചിരുന്നത്. എന്നാൽ, അവരുടെ ചിന്ത പാഴായിപ്പോയി. അവരുടെ തന്ത്രം അവർക്കുതന്നെ വിനയായി തീരുകയാണുണ്ടായത്.

മുസ്‌ലിമീങ്ങൾ അവരെ ഒരിടത്തു ഒരുമിച്ചുകൂട്ടി ആക്രമിക്കാൻ തുടങ്ങിയതോടെ അത് താങ്ങാനാവാതെ പരാജിതരായി ക്ഷണത്തിൽ അവർ യുദ്ധക്കളത്തിൽനിന്ന് പിന്തിരിഞ്ഞോടാൻ തുടങ്ങി. മുസ്‌ലിമീങ്ങളുണ്ടോ അവരെ വിടുന്നു. മുസ്‌ലിമീങ്ങൾ ബഹുദൂരം അവരെ പിന്തുടർന്ന് വധിച്ചു കൊണ്ടേ പോയി. ഈ യുദ്ധത്തിൽ യുദ്ധമൈതാനത്തും പിന്തുടർന്നതിലുമായി ശത്രുക്കളുടെ ഒരു ലക്ഷമാളുകൾ കൈക്കലായി എന്ന കാര്യത്തിൽ ചരിത്രകാരന്മാരെല്ലാം ഏകാഭിപ്രായക്കാരാണ്. യുദ്ധം ജയിച്ചതിനെ തുടർന്ന് 10 ദിവസത്തോളം ഹദ്റത്ത ഖാലിദ് ഫറാളിൽ തങ്ങുകയും ഹിജ്റ 12 ദുൽഖഅ്ദ് 25 ന് തന്റെ സൈന്യത്തിന് തിരിച്ചുപോകാൻ ആജ്ഞ നല്കുകയും ചെയ്തു. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 312-315, ബുക് കോർണർ ഷോ റൂം ഝലം)(താരീഖ് ത്വബരി, വാള്യം 2, പേജ് 328, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ വാള്യം 4, പേജ് 276)*

ഈ യുദ്ധത്തെ അവലോകനം ചെയ്തുകൊണ്ട് ഒരു ഗ്രന്ഥകാരൻ എഴുതുന്നു: ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് മുസ്‌ലിമീങ്ങൾ ആദ്യമായാണ് രണ്ടു മഹാശക്തികളായ റോമിനേയും ഇറാനേയും അവരുടെ കൂട്ടാളികളായ അറേബ്യൻ സൈന്യത്തേയും നേരിടുന്നത്. എന്നിട്ടും മുസ്‌ലിമീങ്ങൾക്ക് മഹത്തായ വിജയം കൈ വന്നു. ഐതിഹാസികവും നിർണായകവുമായ ഒരു യുദ്ധമായിരുന്നു ഇതെന്നതിൽ സംശയമില്ല. മറ്റു മഹാ യുദ്ധങ്ങൾക്കു ലഭിച്ചത്ര പ്രസിദ്ധി ഇതിന് ലഭിച്ചില്ലെങ്കിലും ഇതോടെ അവിശ്വാസികളുടെ ആന്തരിക ശക്തിക്ക്, അതു ഇറാൻ, റോം, അറേബ്യാ, ഇറാഖ് എന്നീ രാജ്യങ്ങളുമായി ബന്ധപ്പെട്ടതായാലും ശരി, വിരാമമിടുകയുണ്ടായി. ഇറാഖിൽ ദൈവത്തിന്റെ പടവാളായ ഹദ്റത്ത് ഖാലിദ് ചെയ്ത യുദ്ധങ്ങളുടെ അവസാന കണ്ണിയായിരുന്നു ഇത്. ഈ യുദ്ധത്തോടെ ഇറാന്റെ പ്രതാപവും ആഢ്യത്തരവുമെല്ലാം തകർന്നടിഞ്ഞു. മുസ്‌ലിമീങ്ങൾ ഭയപ്പെടേണ്ടതായ ഒരു സൈനിക ബലവും പിന്നീട് അവർക്കുണ്ടായില്ല. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബി പേജ് 423)*

ഒരു ചരിത്രകാരൻ ഫറാള് യുദ്ധത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: ഉല്ലയ്സിൽ മുസ്‌ലിമീങ്ങൾ വിജയിച്ചതോടെ ഇറാനീ സൈന്യം തകർന്നുപോയി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുന്നേറ്റം തുടർന്നു പോരുകയും ഒന്നിനു പിറകെ മറ്റൊന്നായി അംഗീശിയാ, ഹീറഹ്, അൻബാർ, അയ്നുത്തംറ്, ദൂമത്തുൽ ജൻദൽ എന്നീ പ്രദേശങ്ങൾ ജയിച്ചടക്കുകയും ചെയ്തു. ഒടുവിൽ ഫറാള് എന്ന പ്രദേശത്ത് വന്നെത്തി. യൂഫ്രട്ടീസ് നദിയുടെ അടുത്ത് സ്ഥിതി ചെയ്യുന്ന പട്ടണമാണ് ഫറാള്. റോമൻ ഭരണകൂടത്തിന്റെ അതിർത്തിയുമായി വളരെ അടുത്തു നില്ക്കുന്ന പ്രദേശമാണത്. ഇവിടെവച്ച് റോമക്കാരും ഇറാനികളും ക്രിസ്ത്യൻ ഗോത്രങ്ങളും അടങ്ങുന്ന സൈന്യം മുസ്‌ലിം സൈന്യത്തെ നേരിട്ടു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ] അവിശ്വാസികളുടെ ഈ വലിയ സൈന്യത്തേയും പരാജയപ്പെടുത്തി. ഒരു വർഷവും രണ്ടുമാസവും കൊണ്ടാണ് അദ്ദേഹം ഇറാഖ് കീഴടക്കിയത്. പതിനായിരം പടയാളികളായിരുന്നു അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നത്. ഏതാണ്ട് ഇത്രതന്നെ പടയാളികൾ മറ്റു ഇസ്‌ലാമിക ഭരണാധികാരികളോടൊപ്പവുമുണ്ടായിരുന്നു. ഈ കാലയളവിനുള്ളിൽ ഈ ചെറു സൈന്യം നല്കിയ സംഭാവനകൾക്ക് ചരിത്രത്തിൽ സമാനതകളില്ല. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ] എല്ലാ യുദ്ധത്തിലും പങ്കെടുത്തു. ഒരു അവസരത്തിൽപ്പോലും അദ്ദേഹം പരാജയം കണ്ടിട്ടില്ല. നബി[സ] തിരുമേനി അദ്ദേഹത്തെ സയ്ഫുല്ലാഹ് അതായത് 'അല്ലാഹുവിന്റെ വാൾ'എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ആ വിശേഷണം അദ്ദേഹം അർഥവത്താക്കുകയും ചെയ്തു. അദ്ദേഹം പിടിച്ചടക്കിയ പ്രദേശങ്ങളിൽ കൊണ്ടുവന്ന സംവിധാനം എപ്രകാരമായിരുന്നുവെന്നാൽ ജനങ്ങൾ ഇറാനീ ഭരണകൂടത്തിന് പകരം അറേബ്യൻ ഭരണകൂടം ഇഷ്ടപ്പെടാൻ തുടങ്ങി. ഏതായാലും അറേബ്യയുടെ അവസാന വിജയം ഫറാള് പ്രദേശത്തെ വിജയമായിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ]പത്തു ദിവസത്തോളം ഫറാളിൽ താമസിക്കുകയും തുടർന്ന് പകുതി സൈന്യവുമായി ശാമിലേക്ക് പോകുകയും ചെയ്തു.

ഇറാഖ് കീഴടക്കിയ സംഭവത്തിലേക്ക് ഒന്നു കണ്ണോടിക്കാം. ഇതു സംബന്ധമായി എഴുതിയിരിക്കുന്നു: ഇറാഖിലേക്കുള്ള മുന്നേറ്റം ഒരു മഹാവിജയത്തിന്റെ ലക്ഷണമായിരുന്നു. അവിടെ മുസ്‌ലിമീങ്ങൾ എണ്ണത്തിലും യുദ്ധ സന്നാഹങ്ങളിലും തങ്ങളെക്കാൾ ശക്തരായ പേർഷ്യൻ സൈന്യങ്ങളെ തുടരത്തുടരെ പരാജയപ്പെടുത്തി. അക്കാലത്തെ ഏറ്റവും അപകടകാരിയായ സൈന്യമാണ് പേർഷ്യക്കാരുടേതെന്നോർക്കണം. അബൂബക്ർ സിദ്ദീഖിന്റെ[റ] ഈ മഹത്തായ സംഭാവനയ്ക്ക് സമാനമായ ഒന്ന് ചരിത്രത്തിൽ കാണുകയില്ല. സൈനിക നീക്കങ്ങളിലൂടെയുള്ള വിജയങ്ങൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ]നോടും സഹപാഠികളായ സേനാപതികളോടും കടപ്പെട്ടവരാണെന്നതിൽ സംശയമില്ല. എങ്കിലും ഈ വിജയങ്ങളിൽ ഹദ്റത്ത് അബൂബക്ർ[റ] നെപ്പോലുള്ളവരുടെ തണലുണ്ടായിരുന്നുവെന്നത് അനിഷേധ്യമത്രെ! ഭരണത്തലവന്റെ വ്യക്തി പ്രഭാവവും സത്ഗുണങ്ങളും സ്വാധീനിക്കാതെ കണ്ട് ഒരു സൈന്യത്തിലെ സൈന്യാധിപനും തന്റെ കഴിവും ആത്മാർഥതയും കൂറും പ്രകടിപ്പിക്കാനാവുകയില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. നിഷേധികളോടും കലാപകാരികളായ മതപരിത്യാഗികളോടും യുദ്ധം ചെയ്തത് തൊട്ട് ഇറാഖ് കീഴടക്കുന്നതു വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഹദ്റത്ത് അബൂബക്ർ[റ] കാഴ്ചവെച്ച വ്യക്തി പ്രഭാവവും സൽഭരണവും സ്ഥിരചിത്തതയും മുസ്‌ലിം ഹൃദയങ്ങളെ വലിയ വലിയ ത്യാഗങ്ങൾക്കായി ഊഷ്മളമാക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ കല്പനകളും നിർദേശങ്ങളും ഒരു ഭാഗത്ത് സമഗ്രവും ലളിതവുമാണെങ്കിൽ മറുഭാഗത്ത് അദ്ദേഹത്തിന്റെ വ്യക്തിഗതമായ സംഭാവന വേറിട്ട ഒന്നായിരുന്നു. ഇതിലേറെ ധൈര്യവും നിശ്ചയദാർഢ്യവും ഒരു മാർഗദർശിക്കും നൽകാനാവില്ല. കാരണം തുടക്കം മുതൽ ഒടുക്കംവരെ അദ്ദേഹം പുറപ്പെടുവിച്ച കല്പനകൾ ആരുടെയെങ്കിലും വ്യക്തി പ്രഭാവത്തിനോ സമ്മർദ്ദത്തിനോ വഴിപ്പെട്ട് മാറ്റം വരുത്തിയ ഒരു സന്ദർഭവും എടുത്തുകാട്ടാൻ കഴിയില്ല. മാത്രമല്ല കഴിവുള്ള ആളുകൾക്ക് പ്രവർത്തിക്കാനും നിലവാരം സ്ഥാപിക്കാനും ത്യാഗവും സേവനവും ചെയ്യാനുള്ളവികാരത്തെ ആവേശം കൊള്ളിക്കുന്നതിനും വേണ്ട ഏതൊരു സൽഭാവനയുടേയും വിശ്വാസത്തിന്റേയും മാതൃകയാണോ അദ്ദേഹം കാണിച്ചത് അതിനുദാഹരണം അന്വേഷിച്ചാൽപോലും കിട്ടുകയില്ല. വ്യക്തിപരമായി തന്റെ മാർഗദർശിയുടെ ഉപദേശ നിർദേശങ്ങൾക്കും മൂല്യങ്ങൾക്കുംവേണ്ടി അങ്ങേയറ്റം ആത്മാർഥതയോടും അളവറ്റ ത്യാഗത്തോടും സ്വയം ജീവൽമാതൃകയാകുന്ന വ്യക്തിയുടെ കല്പനകളെ പ്രാവർത്തികമാക്കുന്നതിൽ ഏതെങ്കിലും കീഴ്ജോലിക്കാരൻ കുറവു വരുത്തുമോ?

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 01 September 2022 Issue-35

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് അബൂബക്ര്[റ] സ്വയം അത്തരത്തിലുള്ള വ്യക്തിയായിരുന്നു. സയ്യിദുനാ ഹദ്റത്ത് ഖാലിദ്[റ]ന്റെ യുദ്ധ തന്ത്രത്തിലുള്ള വൈദഗ്ദ്ധ്യം തീർച്ചയായും അദ്ദേഹത്തെ ലോകത്തിലെ മഹാസേനാപതികളുടെ മുൻ നിരയിൽ നിറുത്തുന്നു. ശത്രുക്കളെ നേരിടുന്നതിൽ അദ്ദേഹം അവലംബിച്ച ബുദ്ധിപരമായ തത്വങ്ങൾ എന്നല്ല ഹദ്റത്ത് ഖാലിദ് മെനഞ്ഞെടുത്ത യുദ്ധ നയങ്ങൾ പട്ടാള ചരിത്രത്തിലെതന്നെ തെളിഞ്ഞ അധ്യായമാകുന്നു. സയ്യിദുനാ ഖാലിദിന്റെ ധീരോദാത്തമായ പദ്ധതികളെ വിജയകരമാക്കുന്നതിന് മുസ്‌ലിമീങ്ങളുടെ യുദ്ധശേഷിയും നിരന്തര പ്രവർത്തനവും പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ഈ രണ്ടു സംഗതികളേയും ഹദ്റത്ത് ഖാലിദ്[റ]സഹനശക്തിയോടെ അവസാനം വരെ പ്രയോജനപ്പെടുത്തി. താൻ സ്വയം അനുഭവിച്ചിട്ടില്ലാത്ത ഒരു പ്രയാസത്തിലും അദ്ദേഹം തന്റെ പട്ടാളക്കാരെ ഇടാതിരുന്നതുകൊണ്ടാണ് ഇതു സാധ്യമായത്. ഒന്നാം ഖലീഫയ്ക്ക് ഇസ്‌ലാമിക ചരിത്രത്തിൽ വ്യതിരിക്തമായ സ്ഥാനം ലഭിക്കുമ്പോഴും സയ്യിദുനാ ഖാലിദ് പുറംനാടുകൾ കീഴടക്കുകയും ലോകത്തെ രാഷ്ട്രീയവും മതപരവുമായ സ്ഥിതിക്ക് പുതിയ രൂപം നല്കി ഹദ്റത്ത് അബൂബക്റിന്റെ സഹായിയായിത്തീരുകയും ചെയ്ത സേനാപതികളിൽ ഒന്നാമനായിരുന്നു. ഓരോ മുസ്‌ലിമും ഹദ്റത്ത് അബൂബക്റിന്റെ രാഷ്ട്രീയവും ആധ്യാത്മികവുമായ മാർഗദർശനത്തിലും ഹദ്റത്ത് ഖാലിദിന്റെ സൈനിക നേതൃത്വത്തിലും ഇറാഖിന്റെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ കൊടുങ്കാറ്റുകണക്കെ ആഞ്ഞടിച്ചതുപോലെ മറ്റൊരു ഭരണകൂടത്തിന്നെതിരായി യുദ്ധകാഹളം മുഴക്കാൻ പോകുന്നവരായിരുന്നു. കിഴക്കിൻ റോം ആയിരുന്നു അത്.

ഏതായിരുന്നാലും ഹദ്റത്ത് അബൂബക്റിന്റെ കാലത്തെ ഏതാനും സംഭവങ്ങളാണിവ. ബാക്കി ഇൻശാഅല്ലാഹ് പിന്നീട് കേൾപ്പിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ കുറച്ചധികം സമയം എടുക്കുന്നതാണ്. യുദ്ധങ്ങളുടെ പരമ്പര ഇതോടെ അവസാനിച്ചു.

അടുത്ത് ജുമുഅക്ക് ഇൻശാ അല്ലാഹ് ജൽസസാലാന യു.കെ. ആരംഭിക്കുകയാണ്. ഈ ജൽസ എല്ലാ രീതിയിലും അനുഗൃഹീതമാകുന്നതിന് ദുആ ചെയ്യുക. ഇതിൽ പങ്കെടുക്കാൻ വരുന്നവരുടെ യാത്ര നല്ല രിതിയിലായിത്തീരുമാറാകട്ടെ!ഡ്യൂട്ടി ചെയ്യുന്നവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് തങ്ങളുടെ കടമകൾ ശരിയായ നിലയിൽ നിർവഹിക്കാനുള്ള തൗഫീഖു നില്കുമാറാകട്ടെ. രണ്ടു വർഷത്തെ എന്നല്ല മൂന്നു വർഷത്തെ ഇടവേളയ്ക്കുശേഷമാണ് വലിയ ജൽസ നടക്കുന്നത്. കഴിഞ്ഞ വർഷം ജൽസ നടന്നത് ചെറിയ തോതിലായിരുന്നു. എന്നാൽ, ഇപ്രാവശ്യം പൂർണമായും വലിയ തോതിലാണ് ജൽസ നടക്കുന്നത്. അതുകൊണ്ടുതന്നെ ചില പ്രയാസങ്ങളും ഉണ്ടാകും. നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷമങ്ങളും അല്ലാഹു ദൂരീകരിക്കുമാറാകട്ടെ. ഉണ്ടായേക്കാവുന്ന എല്ലാ വിഷമങ്ങളും അല്ലാഹു അകറ്റുക്കളയുമാറാകട്ടെ.

****

## 127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽഅസീസ് 127 – ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക.*(നാള്വിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

****

**പേജ് 1 ൽ നിന്ന്**

ത്യുത മുഴുവൻ ജനതയ്ക്കുംവേണ്ടി ഇറക്കിയതാണ്. അവർ ഏതു ജനതയിൽപ്പെട്ടവരായാലും വേണ്ടില്ല. ഏതു കാലത്തുള്ളവരായാലും വേണ്ടില്ല. 'ലാമ് ആഖിബത്ത്' ആയി വരുമ്പോൾ അർഥം ഇങ്ങനെയായിരിക്കും. കാരണം നിന്നിൽ ഉന്നതമായ ഗ്രന്ഥം ഇറങ്ങി. അത് നീ രഹസ്യമാക്കി എങ്ങനെ വെക്കാനാണ്. ഈ ഉന്നതമായ ഗ്രന്ഥത്തിന്റെ ഇറക്കം അതിനു നിമിത്തമായി. അതായത് നീ എല്ലാ ആളുകളേയും ഇതിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്നു. ഏതൊരാളിലാണോ ഇത്തരം ഗ്രന്ഥം ഇറങ്ങിയത് അയാളെങ്ങനെ മിണ്ടാതിരിക്കാനാണ്?

***നുസ്സില ഇലയ്ഹിം*** എന്നു പറഞ്ഞുകൊണ്ട് സത്യനിഷേധികളുടെ സ്നേഹവികാരങ്ങളെ ഉത്സാഹിപ്പിച്ചു. അതായത് ഗ്രന്ഥം നിന്നിലാണ് ഇറങ്ങിയതെങ്കിലും, ഇതിൽനിന്ന് എല്ലാ ജനതയും ഫലമെടുക്കുക എന്ന ഉദ്ദേശ്യമായതുകൊണ്ട് യഥാർഥത്തിൽ ഇതിന്റെ ഇറക്കം മുഴലോകത്തിനുമേലുമാണ്. അപ്പോൾപ്പിന്നെ ഈയാളുകൾ അല്ലാഹുവിന്റെ ഈ സ്നേഹത്തെ എന്തുകൊണ്ട് വിലമതിക്കുന്നില്ല?

**നുസ്സില ഇലയ്ഹിം** കൊണ്ട് ഇക്കാര്യത്തിലും സമ്മർദം ചെലുത്തിയിരിക്കുകയാണ്. അതായത് ഈ ഗ്രന്ഥം മുഴുവൻ ലോകംവരേയും എത്തിക്കേണ്ടത് നിർബന്ധമാണ്. കാരണം അതിന്റെ ഇറക്കം മുഴുലോകത്തിനുംവേണ്ടിയാണ്. ഇതു മുഴുവൻലോകത്തിന്റേയും സ്വത്താണ്. അതുകൊണ്ട് അവരിലെല്ലാവരിലും ഇതു എത്തിക്കുക എന്നത് അങ്ങേയറ്റം സുപ്രധാനമായ നിർബന്ധ കടമയാണ്. അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കുകയും ഇസ്‌ലാമിക പ്രബോധനത്തിന്റെ നിർബന്ധ കടമ നിറവേറ്റുന്നതിൽ മടി കാണിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇന്ന് ലോകത്ത് ഇസ്‌ലാമല്ലാതെ മറ്റൊരു മതവും കാണാൻ കഴിയുമായിരുന്നില്ല. കാരണം അതിന്റെ പരിശുദ്ധ അധ്യാപനത്തിന്റെ മുമ്പിൽ മറ്റൊരു അധ്യാപനത്തിനും നിൽക്കുവാൻ സാധിക്കുകയില്ല. ഇന്ന് അതിന്റെ പ്രചാരണത്തിൽ തടസ്സമുണ്ടെന്നതിന് സംശയമില്ല. കാരണം ദുൻയാവിനോടുള്ള അതിമോഹവും അത്യാഗ്രഹവും ഇസ്‌ലാം സ്വീകരിക്കുന്നതിന് തടസ്സമായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഈ അവസ്ഥ ഉണ്ടായത് ഇക്കലത്താണ്. ആദ്യം ലോകവും മുസ്‌ലിമീങ്ങളുടെ കൈയിലായിരുന്നു. അവരുടെ കൈയിൽ ദീൻ ഉണ്ടായിരുന്നതുപോലെ!

***ലിതുബയ്യിന*** എന്നതിൽ മറ്റൊരു സൂക്ഷ്മമായ വിഷയവും വിവരിക്കപ്പെട്ടിരിക്കുന്നു. അതെന്താണെന്നാൽ ചില ഗ്രന്ഥങ്ങളുണ്ട്, അവയെ മനുഷ്യൻ ലജ്ജകൊണ്ട് കേൾക്കാൻതന്നെ ആഗ്രഹിക്കുന്നില്ല. ഉദാഹരണത്തിന് ബൈബിളിലെ ചില കഷണങ്ങൾ!പക്ഷേ, വിശുദ്ധ ഖുർആൻ എങ്ങനെയുള്ള മാന്യതാപരമായ കാര്യങ്ങളടങ്ങിയതാണെന്നാൽ എല്ലായിടത്തും അത് കേൾപ്പിക്കാവുന്നതാണ്.

ഒരു ക്രിസ്ത്യാനിയുടെ വാക്യമുണ്ട്. വിശുദ്ധ ഖുർആനിന്റെ ഗുണമെന്ന് പറയുന്നത് അത് ഏതു മജ്‌ലിസിലും പാരായണം ചെയ്യാൻ കഴിയുമെന്നതാണ്. എന്നാൽ, നമ്മുടെ ഗ്രന്ഥം എങ്ങനെയുള്ളതാണെന്നാൽ എല്ലാ സദസ്സിലും അത് വായിക്കാൻ കഴിയുകയില്ല.

ഹദ്റത്ത് ലൂത്വ്[അ]ന്റേയും അദ്ദേഹത്തിന്റെ പെൺമക്കളുടേയും സംഭവം, ബനീഇസ്റാഈലിന്റെ സ്ത്രീകളേയും കുട്ടികളേയും ദൈവകല്പനയാൽ കൊല ചെയ്യൽ തുടങ്ങിയ സംഭവങ്ങളാണുള്ളത്. അത്തരം സംഭവങ്ങൾ മജ്‌ലിസുകളിൽ വിവരിക്കുക എന്നത് പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളാണ്. ആര്യസമാജക്കാരുടെ 'നിയോഗ'ത്തിന്റെ അധ്യാപനവും മറ്റുള്ളവരെ കേൾപ്പിക്കുന്നത് അവിടെ നിൽക്കട്ടെ, അവരുടെതന്നെ ആര്യമതക്കാരായ ഭർത്താക്കന്മാർക്ക് തങ്ങളുടെ ഭാര്യമാരെ വായിച്ചു കേൾപ്പിക്കാൻ സാധിക്കുകയില്ല. എന്നാൽ, വിശുദ്ധ ഖുർആൻ എങ്ങനെയുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണെന്നാൽ അത് ഏതു ജനതകളുടേയും ഏതു പ്രായക്കാരുടേയും മുമ്പിൽ വായിച്ചുകേൾപ്പിക്കാൻ പറ്റിയതാണ്.

***ലഅല്ലഹും യത്തഫക്കറൂൻ*** എന്നത് സൂചനനല്കുന്നത് ഇൽഹാം മാനുഷികചിന്തയെ മൂർച്ചയുള്ളതാക്കുന്നു എന്നാണ്. സ്വഹാബത്തിന്റെ മാതൃക അതിനുള്ള വ്യക്തമായ തെളിവാണ്. അവർ നിരക്ഷരരും ലോകപരിചയമില്ലാത്തവരുമായിരുന്നു. എന്നാൽ ഖുർആനിക ഇൽഹാമുകൾ കേട്ടും മനസ്സിലാക്കിയും ലോകത്തിന്റെ ഉലമായുടെ ഉസ്താദന്മാരായി. എങ്ങനെയുള്ള ഗ്രാഹ്യമാണ് അവർക്ക് പ്രദാനം ചെയ്യപ്പെട്ടതെന്നാൽ ലോകത്തിലെ എല്ലാ അറിവിലും അവർ ഭാവി കാലത്തിനുവേണ്ടി ഉത്തമമായൊരു പാഠം ഉപേക്ഷിച്ചാണ് പോയത്. *(തഫ്സീറെ കബീർ വാള്യം 4, പേജ് 172, പ്രസാധനം 2010 ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin